(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1985–ലെ കശുവണ്ടി ഫാക്ടറികളും (ആവശ്യപ്പെടൽ) ഭേദഗതി ബിൽ

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1985–ലെ കേരള കശുവണ്ടി ഫാക്ടറികളും (ആവശ്യപ്പെടൽ) ഭേദഗതി ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, ഞാൻ പിന്താങ്ങുന്നു.

ശ്രീ. ഇ. അഹമ്മദ്: സർ, ഇതൊരു ചെറിയ നിയമനിർമ്മാണമാണ്. ഇതിനെ സംബന്ധിച്ച് സഭ ഒരിക്കൽ ചർച്ച ചെയ്തു കഴിഞ്ഞതാണ്. ആവശ്യമുണ്ടെങ്കിൽ പിന്നീടു സംസാരിക്കാം.

Shri S.R. Thankaraj: Sir, I move that the Kerala Cashew Factories (Requisitioning) Amendment Bill, 1985 as reported by the Subject Committee be circulated for obtaining public opinion.

ഈ നിയമം സബ്ജക്റ്റ് കമ്മിറ്റിക്ക് പോയതിനുശേഷം ഭേദഗതിയൊന്നുമില്ലാതെ തിരിച്ചുവന്നിരിക്കുകയാണ്. നിയമത്തിനെ തത്വത്തിൽ അംഗീകരിച്ചിരിക്കുകയാണ്. തത്വത്തിൽ അംഗീകരിച്ചിരിക്കുന്നുവെങ്കിലും ഈ നിയമം നടപ്പിലാക്കുമോയെന്ന കാര്യത്തിൽ ഈ സർക്കാരിന്റെ കഴിഞ്ഞകാല അനുഭവങ്ങൾ വച്ചുനോക്കുമ്പോൾ സംശയമുണ്ടായാൽ ആർക്കും കുറ്റംപറയാൻ സാദ്ധ്യമല്ല. ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിക്കത്തക്ക നിലയിൽ നടപ്പിലാക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്.

അദ്ദേഹത്തിന്റെ വകുപ്പിന്റെ കീഴിൽ ഒരുപാടു വ്യവസായങ്ങൾ ഉണ്ട്. പക്ഷേ ഒറ്റ വ്യവസായമെങ്കിലും കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്നു അദ്ദേഹം സ്വയമൊരു ആത്മപരിശോധന നടത്തണമെന്നു മാത്രമേ എനിക്ക് ആമുഖമായി സൂചിപ്പിക്കുവാനുള്ളൂ.

തിരുവനന്തപുരം സ്പിന്നിങ്മിൽ എന്ന പേരിൽ ബാലരാമപുരത്തു പ്രവർത്തിക്കുന്ന ഒരു സ്പിന്നിങ് മില്ലുണ്ട്. 1982–ൽ ഈ സഭ സമ്മേളിക്കുമ്പോഴത്തന്നെ അവിടെ നടന്ന ക്രമക്കേടുകളെക്കുറിച്ച് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് അവിടെ അന്നുണ്ടായിരുന്ന മാനേജിംഗ് ഡയറക്ടർ നടത്തിയിട്ടുള്ള പത്തിരുപതു അലിഗേഷൻസ്, മാൽപ്രാക്ടീസസ് എല്ലാം എഴുതി ബഹുമാനപ്പെട്ട മന്ത്രിയുടെ കൈയിൽക്കൊടുത്തു. അന്വേഷിക്കാമെന്നു അദ്ദേഹം എനിക്ക് ഉറപ്പുതന്നു. ഇതിനെക്കുറിച്ചുള്ള നോട്ടീസ് കിട്ടിയ ഉടൻതന്നെ എം.ഡി. രാജി സമർപ്പിച്ചു.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, നമ്മൾ കശുവണ്ടിയെ സംബന്ധിച്ചാണ് ചർച്ച ചെയ്യുന്നത്. ഇങ്ങനെ വ്യവസായവകുപ്പിലെ ഓരോന്നിനേയും കുറിച്ച് പറഞ്ഞാൽ മറുപടി പറഞ്ഞു സമയം പോവുകയില്ലേ? ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് ടെക്സ്റ്റൈൽസിനെക്കുറിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്.ആർ. തങ്കരാജ്: ബഹുമാനപ്പെട്ട മന്ത്രി നാളിതുവരെ ചെയ്ത കാര്യങ്ങളാണ്. ഞാൻ അതിലേക്ക് വരുകയാണ്.

എന്നിട്ട് യാതൊന്നും ചോദിക്കാതെ ആ രാജി സ്വീകരിച്ചു. അങ്ങനെ അയാളെ ഇതിൽനിന്നെല്ലാം ഒഴിവാക്കിക്കൊടുത്തു. ഇതാണ് ഈ മന്ത്രി ചെയ്തത്. ഈ റെക്വിസിഷൻ ആക്ടിനെ സ്വാഗതം ചെയ്യുന്നുവെന്ന് ഞാൻ ആദ്യമേതന്നെ പറയുകയുണ്ടായി. ഇതു സത്യസന്ധമായി, ആത്മാർത്ഥമായി നടപ്പിലാക്കണമെന്നുണ്ടെങ്കിൽ ഇതു പൊതുജനങ്ങളുടെ അഭിപ്രായത്തിനുവിടണമെന്നുള്ള ആ അഭിപ്രായത്തിൽത്തന്നെ ഞാൻ ഉറച്ചു നിൽക്കുകയാണ്. ഈ രംഗത്തുപ്രവർത്തിക്കുന്ന ആളുകൾക്ക് ആശ്വാസംകൊടുക്കാനാണെന്ന് ഇതിൽ സൂചിപ്പിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ ആമുഖ പ്രസംഗത്തിൽത്തന്നെ അതു പറയുകയും ചെയ്തു.

പലയാളുകളും അടച്ചിട്ടിരിക്കുന്ന വ്യവസായ ശാലകൾ lease terms and conditions പ്രകാരമാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. lease arrangements അനുസരിച്ച് ഏറ്റെടുത്തുനടത്തുമ്പോൾ ടേംസ് ആൻറ് കണ്ടീഷൻസ് അനുസരിച്ചുള്ള ആനുകൂല്യങ്ങൾ കൃത്യമായിട്ട് ഇതിന്റെ ഉടമസ്ഥർക്കു കിട്ടും. ആ കാലയളവിൽ ഈ ഉടമസ്ഥർ നടത്തിയിരുന്ന വ്യവസായശാലകളിൽ ജോലി ചെയ്തിരുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് കിട്ടാനുണ്ടായിരുന്ന ആനുകൂല്യങ്ങൾ പിടിച്ചുകൊടുക്കുന്ന കാര്യത്തിൽ ഈ ഗവൺമെൻറ് എന്നെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ? അതിനെന്തു പരിഹാരമാർഗ്ഗം ഇതിൽ കാണുന്നു. ഗൗരവപൂർവ്വം ആലോചിക്കേണ്ട ഒരു കാര്യമാണ്. ഒരാളിന്റെ സാധനം മറ്റൊരാൾ എടുക്കുമ്പോൾ ഈ ലീസ് അറേഞ്ച്മെൻറു അനുസരിച്ച് കൊടുക്കേണ്ടതല്ലേയെന്നു ചോദിച്ചാൽ കൊടുക്കേണ്ടതാണ്. അതു പ്രകാരമാണ് ഉടമസ്ഥർക്ക് ഇതു കിട്ടുന്നത്. ഒരു ഫാക്ടറി നഷ്ടത്തിൽ നിന്നു നഷ്ടത്തിലേക്കു പോവുകയും ആ കെട്ടിടത്തിനുതന്നെ ഡാമേജ് ഉണ്ടാവുകയും ചെയ്യുന്ന സന്ദർഭത്തിലാണ് ഉടമസ്ഥനു ഈ ആനുകൂല്യം കിട്ടുന്നത്. ഗവൺമെൻറ് ഇതു ഏറ്റെടുക്കുമ്പോൾ ഇതിന്റെ ഗുഡ്കണ്ടീഷനിൽ സൂക്ഷിക്കേണ്ട ചുമതലയുണ്ട്. നഷ്ടപ്പെട്ട ഒരു സാധനം ഗുഡ്കണ്ടീഷനിൽ സൂക്ഷിക്കുന്നതോടൊപ്പംതന്നെ ഉടമസ്ഥനു അറേഞ്ച്മെൻറ് അനുസരിച്ചുള്ള ലീസ് തുക കിട്ടുന്നു. അപ്പോൾ ഇതുവരെ തൊഴിൽ ചെയ്തു അയാളെ സമ്പന്നനാക്കി മാറ്റിക്കൊണ്ടിരുന്ന നൂറുകണക്കിനു പാവപ്പെട്ട തൊഴിലാളികൾക്ക് ഇതിൽ നിന്നും കിട്ടേണ്ട ആനുകൂല്യങ്ങൾ പിടിച്ചെടുത്തുകൊടുക്കാനുള്ള ചുമതലയും സർക്കാരിനുണ്ട്. ആ ബാദ്ധ്യതകൂടി നിറവേറേണ്ട വകുപ്പുകൂടി ഇതിൽ എഴുതി ചേർത്തിട്ടില്ല. അതിനുകൂടി തയ്യാറാകണം.

ഇതൊരു ചെറിയ നിയമമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ സംശയമില്ല. എത്ര ചെറിയ നിയമമാണെങ്കിൽത്തന്നെയും തൊഴിലാളികൾക്ക് ഗുണകരമായരീതിയിൽ, അവന് ആനുകൂല്യം കിട്ടത്തക്കരീതിയിൽ മറ്റാരെയും ഉപദ്രവിക്കാതെതന്നെ, ഇന്നലെ അയാൾ ചെയ്തതിൽ എന്തെല്ലാം ആനുകൂല്യങ്ങൾ കിട്ടാനുണ്ടോ ആ കിട്ടേണ്ട ആനുകൂല്യങ്ങളിൽ ഒരംശമെങ്കിലും കിട്ടത്തക്ക നിലയിൽ നിയമം എഴുതിച്ചേർക്കണം. ഈ നിയമങ്ങളൊന്നും ഇന്നില്ലാത്തതുകൊണ്ടല്ല തൊഴിലാളികൾക്ക് ആനുകൂല്യം കിട്ടാത്തത്. നിലവിലുള്ള നിയമങ്ങൾ നടപ്പിലാക്കുവാൻ, അതു നടപ്പിലാക്കേണ്ട സർക്കാർ അതിനു തയ്യാറാകാത്ത റെറക്കുഡിപ്പുമേ ഇന്നീരാജ്യത്തുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ഇവർക്ക് ഈ പാട്ടുഷമാരെപ്പോലെ കൊടിവച്ച കാറിൽ സഞ്ചരിച്ച് അധികാരമുണ്ട് എന്ന നിലയിൽ നടക്കുകയെന്നുള്ളതല്ലാതെ അധോലോകത്തിൽക്കഴിയുന്ന പാവപ്പെട്ട ആളുകളുടെ ജീവിതം എന്താണെന്ന് ഒന്നന്വേഷിച്ച് നോക്കുവാനോ ഭാഗികമായിയെങ്കിലും ഇതിന് പരിഹാരമുണ്ടാക്കുവാൻ സാധിക്കുമോയെന്ന് ആലോചിച്ച് നോക്കുവാനും സമയമില്ല. ശാശ്വതമായ പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്നു ഞാൻ പറയുന്നില്ല. അതിനുവേണ്ടി എന്തെങ്കിലും നിയമനിർമ്മാണ നടപടികളും ഉണ്ടാക്കുവാനും അതു നടപ്പിലാക്കുവാനും കഴിയണം. അതു നടപ്പിലാക്കുവാൻ കഴിയുന്നില്ലെങ്കിൽ ഇതുപോലെ നമ്മൾ എത്ര പാസ്സാക്കിയതുകൊണ്ടും കാര്യമില്ല.

1977-ലെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ.കെ. ആൻറണി നടപ്പിൽ വരുത്തിയ ഒരു നിയമത്തെ ഞാൻ സന്ദർഭോചിതമായി ഓർത്തുപോവുകയാണ്. ഈ രാജ്യത്തെ വീക്കർ സെക്ഷൻസെന്നു വിശേഷിപ്പിക്കുന്ന ഹരിജനങ്ങളേയും ഗിരിജനങ്ങളേയും, 1970-നു ശേഷം ഈ മുന്നോക്ക വർഗ്ഗക്കാർക്കാരെങ്കിലും പ്രതിഫലം കൊടുത്തോ കൊടുക്കാതെയോ എന്തെങ്കിലും വസ്തുക്കൾ കൈമാറ്റം നടത്തി സ്വന്തമായി കൈവശം വച്ചിട്ടുണ്ടെങ്കിൽ ആ പ്രതിഫലം കൊടുത്തായിരുന്നാലും കൊടുക്കാതെയായിരുന്നാലും കൈവശപ്പെടുത്തിയ ഭൂമി തിരിച്ചുകൊടുക്കണമെന്നു പറഞ്ഞു ഒരു നിയമം പാസ്സാക്കി. ആ നിയമം നടപ്പിലും വന്നു. പക്ഷേ എവിടെയാണ് ആ നിയമം നടപ്പിലാക്കിയത്. ആ നിയമം ഇന്നും നമ്മുടെ നിയമനിർമ്മാണ സഭയുടെ അലമാരകളിൽ ഭദ്രമായി സൂക്ഷിച്ചു വച്ചിട്ടുണ്ട്. പാവപ്പെട്ട ആളുകളെ വഞ്ചിക്കാൻ മാത്രമേ സാധിച്ചിട്ടുള്ളു. ആയിരക്കണക്കിനാളുകൾ താലൂക്കാഫീസുകളിലും കളക്ടർ ആഫീസുകളിലും മാറുമായി അപേക്ഷ ബോധിപ്പിച്ചിരുന്നു. തന്റെ മുതുമുത്തച്ഛൻമാരുടെ കാലം മുതൽ ഭോഗം ചെയ്തു അനുഭവിച്ചുകൊണ്ടിരുന്നതു വീണ്ടെടുത്തു തരണമെന്ന്. ആ കടലാസ്സുകൾ വാരിക്കെട്ടി താലൂക്കു ആഫീസുകളിലും കളക്ടർ ആഫീസിലും ആർ.ഡി.ഒ. ആഫീസുകളിലേയും അലമാരകളിൽ വച്ചിട്ടുള്ളതല്ലാതെ അതിൽ ഒറ്റയെണ്ണത്തിനും നാളിതുവരെ തീർപ്പു കൽപ്പിക്കാൻ സാധിച്ചിട്ടില്ല.

ഇവിടെ ഹരിജനവർഷവും വികലാംഗ വർഷവും ആചരിച്ചു. ഇപ്പോൾ യുവജന വർഷം ആചരിക്കുന്നു. ഏതുവർഷം ആചരിച്ചാലും ഇതുപോലുള്ള വീക്കർ സെക്ഷൻസിന്, താഴെക്കിടയിലുള്ള ആളുകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള നിയമം നിർമ്മിച്ചാലും അതു നടപ്പിലാവുന്നില്ലായെങ്കിൽ അതുകൊണ്ട് യാതൊരു ഫലവും ഇല്ല.

അതുകൊണ്ട് ഈ നിയമം പാസ്സാക്കുന്നതോടൊപ്പംതന്നെ അതു നടപ്പിലാക്കുന്നതിനുള്ള നടപടികൾകൂടി സത്വരമായി കൈക്കൊള്ളണമെന്നഭ്യർത്ഥിച്ചുകൊണ്ട്, ഒരിക്കൽകൂടി ഇതു പൊതുജനങ്ങളുടെ അഭിപ്രായമാരായുന്നതിനു വിടണമെന്നു പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1985-ലെ കേരള കശുവണ്ടി ഫാക്ടറികൾ (ആവശ്യപ്പെടൽ) ഭേദഗതി ബിൽ വീണ്ടും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. രാഘവൻ പൊഴക്കടവിൽ]

സർ, ഈ ബില്ല് അവതരിപ്പിച്ചപ്പോഴും നടന്ന ചർച്ചയിൽ ഈ ബില്ലുകൊണ്ട് എന്താണോ ഉദ്ദേശിച്ചത്, അത് ഇവിടെ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതിന് വിരുദ്ധമായി നിലനിൽക്കുന്നു. ഈ ബില്ലിന്റെ ഉദ്ദേശം സഫലമാകുന്നതിന് കശുവണ്ടി വ്യവസായ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് ഈ ഗവൺമെന്റിന്റെ ഇന്നുള്ള നയത്തിൽ മാറ്റം വരാതെ സാദ്ധ്യമല്ലായെന്ന് പ്രതിപക്ഷത്തുനിന്ന് ഇതിന്റെ വ്യക്തമായ കാര്യങ്ങൾ അറിയാവുന്നവർ സൂചിപ്പിച്ചു. എന്നാൽ സബ്ജക്ട് കമ്മിറ്റി ആ കാര്യങ്ങൾ പരിഗണനയിലെടുത്തിട്ടില്ല. ഇതുകൊണ്ടുമാത്രം കശുവണ്ടിരംഗത്ത് കാഷ്യുകോർപ്പറേഷന്റെ നിലനിൽപ്പിന് സുരക്ഷിതമാകുമെന്നാണ്. എങ്കിൽ ഈ നിയമഭേദഗതിയെ ഞങ്ങൾ അനുകൂലിക്കുമായിരുന്നു. കശുവണ്ടികോർപ്പറേഷൻ നമ്മുടെ സംസ്ഥാനത്ത് ഉദയം ചെയ്തത് മുതലാളിമാർ ഈ രംഗത്ത് നടത്തിക്കൊണ്ടിരുന്ന തെറ്റായ പല പ്രവർത്തനങ്ങൾമൂലം സ്വാഭാവികമായ പ്രശ്നങ്ങൾ കൊണ്ടല്ലാതെ കൃത്രിമമായ പ്രശ്നങ്ങൾക്കൊണ്ട് വളർന്നുവന്ന പ്രതിസന്ധികളിൽ നിന്നും ഈ വ്യവസായത്തെയും അതിലെ തൊഴിലാളികളേയും രക്ഷിക്കാൻവേണ്ടിയാണ്. ഇന്ന് 34 ഫാക്ടറികളും ഈ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഒരുഭാഗത്ത് കോർപ്പറേഷനെ തകർക്കുക, മറുഭാഗത്ത് തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കുക. അതുപോലെ ഈ വ്യവസായത്തിൽ കഴിഞ്ഞ കാലഘട്ടങ്ങളിൽ മുതലാളിമാർ ഈ രംഗത്ത് സ്വീകരിച്ചിട്ടുള്ള തെറ്റായ, അനാരോഗ്യകരമായ പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ കൊണ്ടുവന്ന എല്ലാ നിയന്ത്രണങ്ങളെയും സംവിധാനങ്ങളെയും പരാജയപ്പെടുത്താൻ പല അടവുകളും ഈ മുതലാളിമാർ സ്വീകരിച്ചു. കോർപ്പറേഷന്റെ ഉടമയിലുള്ള ഫാക്ടറികളെ തിരിച്ചു കൊണ്ടുപോകാനുള്ള പരിശ്രമങ്ങളും അതിന്റെ കൂട്ടത്തിൽ നടന്നിട്ടുണ്ട്. ഇവിടെ ഈ ബില്ലവതരിപ്പിച്ചുകൊണ്ട് ഈ ഫാക്ടറികളും തിരിച്ചുപോകാതെയിരിക്കാൻ ഉള്ള ഒരു ഭേദഗതി കൊണ്ട് മാത്രം ആ കോർപ്പറേഷനെ നിലനിറുത്താൻ കഴിയുമോ? കോർപ്പറേഷന്റെ നിലനിൽപ്പ് എന്നു പറയുന്നത്, ആ കോർപ്പറേഷൻ കൊണ്ടുവരുമ്പോഴും തന്നെ ആ പൊതുമേഖലയെ നിലനിറുത്താൻ ആവശ്യമായ സംവിധാനങ്ങളും ഉണ്ടാകണം. വിദേശത്തു നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനും നമ്മുടെ സംസ്ഥാനത്തുൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിക്കുന്നതിനുമുള്ള സംവിധാനങ്ങളായിരുന്നു ഈ കോർപ്പറേഷന്റെ നിലനിൽപ്പിനുവേണ്ടി അടിസ്ഥാനമായി അംഗീകരിച്ചത്. പൊതുമേഖലയിലുള്ള ഫാക്ടറികളെ നിലനിർത്താൻ നിയമനിർമ്മാണം കൊണ്ടുവന്നിരിക്കുന്നു എന്നവകാശപ്പെടുന്ന മന്ത്രിയാണ് ആ പൊതുമേഖലയെ നിലനിറുത്താനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടത്. പൊതുമേഖലയെ നിലനിറുത്താനും ഈ വ്യവസായത്തിലെ തൊഴിലാളികൾക്ക് ന്യായമായ അർഹമായ തൊഴിൽ കിട്ടാനും അംഗീകരിക്കപ്പെട്ട വേതന അവകാശങ്ങൾ നൽകാനും വഴിയൊരുക്കുന്ന ക്യാനലൈസേഷൻ സമ്പ്രദായം നിറുത്തലാക്കി. ആ പ്രശ്നത്തിലുള്ള നിലപാട് പഴയ രീതിയിൽ പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടിട്ടും ആ സംവിധാനങ്ങളെക്കുറിച്ചുള്ള ഗവൺമെന്റിന്റെ അഭിപ്രായമെന്താണ്? സി.സി.ഐ. വഴി തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനെക്കുറിച്ച് ഈ സഭയിൽ പല സന്ദർഭങ്ങളിൽ പരാമർശിച്ചിട്ടുള്ളതാണ്. ഫാക്ടറി തൊഴിലാളികളിൽ പകുതിയോളം ഉൾക്കൊള്ളുന്നത് കശുവണ്ടി വ്യവസായ രംഗത്താണ്. കേരളത്തിലെ ഫാക്ടറി തൊഴിലാളികളിൽ ഗണ്യമായ വിഭാഗം പണിയെടുക്കുന്ന ഈ വ്യവസായം നിലനിൽക്കുന്നത് വിദേശ തോട്ടണ്ടിയെ ആശ്രയിച്ചായിരുന്നു. രണ്ടു ലക്ഷ

LIBRARY ARCHIVES Kerala Legislative Assembly

ത്തോളം ടൺ വിദേശ തോട്ടണ്ടി ഇറക്കുമതി ചെയ്തിരുന്ന കാലമുണ്ടായിരുന്നു. പല പ്രത്യേകതകളും കാരണം അത് കുറഞ്ഞു കുറഞ്ഞു വന്നു. അങ്ങനെ കേരളത്തിലെ ഫാക്ടറി തൊഴിലാളികളും ഗണ്യമായി ഉൾക്കൊള്ളുന്ന ഒരു വ്യവസായത്തിന്, നമ്മുടെ രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്ന സുപ്രധാനമായ ഒരു വ്യവസായത്തിന് അതിന്റെ ഭാവിയെ ബാധിക്കുന്ന തരത്തിലുള്ള പ്രശ്നങ്ങൾ നേരിടേണ്ടിവന്നു. കോൺഗ്രസ്സിന്റെ ഭരണകുത്തക നിലനിൽക്കുന്ന ഇൻഡ്യയിൽ കേരളത്തിലെ ഒരു മുഖ്യവ്യവസായത്തിന് ആവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭിക്കാത്ത ഒരു സാഹചര്യം ഉണ്ടായി. ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ലഭിക്കാനുള്ള അവസരങ്ങൾ കുറഞ്ഞുവന്നു. അതു മനസ്സിലാക്കി ഈ വ്യവസായത്തെ നിലനിറുത്താനും അസംസ്കൃത സാധനങ്ങൾ കേരളത്തിനാവശ്യമായത് ലഭ്യമാക്കാനുമുള്ള പരിശ്രമങ്ങൾ നടത്തി അതാതു സന്ദർഭത്തിൽ ചെയ്യേണ്ട കാര്യങ്ങളൊന്നും കേന്ദ്രഗവൺമെന്റ് ഈ വ്യവസായത്തിൽ ചെയ്തിട്ടില്ല. ഇങ്ങനെ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ലഭിക്കാതെ വന്നപ്പോഴും, വ്യവസായ താൽപ്പര്യങ്ങൾ പരിഗണിക്കാതെയുള്ള പ്രവർത്തനങ്ങളെ തടയാൻവേണ്ടിയും ഈ വ്യവസായത്തിന്റെ സുരക്ഷിതത്വത്തെ ആധാരമാക്കി ദീർഘകാലം തൊഴിലാളി പ്രസ്ഥാനങ്ങളും സമരങ്ങളും പ്രക്ഷോഭണങ്ങളും നടത്തിയിട്ടുണ്ട്. തൊഴിൽവകുപ്പുമന്ത്രി എപ്പോഴും ഈ വ്യവസായത്തിലെ തൊഴിലാളികളുടെ പ്രശ്നങ്ങളെക്കുറിച്ച് പറയുമ്പോഴും ട്രേഡ് യൂണിയനുകൾ എന്തു ചെയ്തുവെന്ന് ചോദിക്കാറുണ്ട്. ഈ വ്യവസായത്തിലെ തൊഴിലാളികളുടെ സംരക്ഷണത്തിനു വേണ്ടിയും മുതലാളിമാരുടെ കുതന്ത്രങ്ങളും വിദേശത്തു നിന്ന് തോട്ടണ്ടി വരുന്നതിലുള്ള പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള ത്യാഗപൂർണ്ണമായ സമരങ്ങളും പ്രക്ഷോഭണങ്ങളും ഈ തൊഴിലാളി സംഘടനകളും നടത്തിയിട്ടുണ്ട്. അങ്ങനെ സി.സി.ഐ. ക്ക് ഇവിടെ തോട്ടണ്ടി ഇറക്കുമതിചെയ്യുന്നതിനു ഇൻഡ്യാ ഗവൺമെന്റ് അംഗീകാരം നൽകുകയും ചെയ്തു. ഇങ്ങനെ സി.സി.ഐ. വഴി വിദേശതോട്ടണ്ടി ഇറക്കുമതി ചെയ്തപ്പോൾ കേരളത്തിലെ അംഗീകൃത ഫാക്ടറികൾക്ക് തൊഴിലാളികളുടെ എണ്ണമനുസരിച്ച് വീതിച്ചു കൊടുക്കുന്നതിനുള്ള സംവിധാനങ്ങളും അതോടൊപ്പം ഏർപ്പെടുത്തി. ഒരുഭാഗത്ത് തൊഴിലാളി സംഘടനകളും തൊഴിലാളികളും ഒരുമിച്ച് നിന്ന് ദീർഘകാലം സമരം ഇൻഡ്യാ ഗവൺമെന്റിനെക്കൊണ്ട് സി. സി. ഐ. വഴി വിദേശ തോട്ടണ്ടി ഇറക്കുമതി ചെയ്യാൻവേണ്ടി അംഗീകരിപ്പിക്കുകയും അതേസമയം ഈ വ്യവസായത്തെ നിലനിറുത്തണമെന്ന് ആഗ്രഹിച്ചിരുന്ന ഗവൺമെന്റ് ഈ വ്യവസായത്തിന്റേയും തൊഴിലാളികളുടേയും പ്രശ്നങ്ങൾക്കുവേണ്ടി നീങ്ങിയ ചിത്രവുമാണ് 1970—കളിൽ കാണാൻ കഴിയുന്നത്. ആദ്യകാലങ്ങളിൽ നമ്മുടെ രാജ്യത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന തോട്ടണ്ടി ഈ വ്യവസായത്തിന്റെ നിലനിൽപ്പിനുവേണ്ടി കാര്യമായി പരിഗണിച്ചിരുന്നില്ല. കാരണം രണ്ടുലക്ഷത്തോളം ടൺ തോട്ടണ്ടി വിദേശത്തുനിന്നു വരാനുള്ള സംവിധാനം ഉണ്ടായിരുന്നു. എന്നാൽ വിദേശവരവ് കുറഞ്ഞതോടുകൂടി തൊഴിലില്ലായ്മ രൂക്ഷമാവുകയും നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന തോട്ടണ്ടി ഗവൺമെന്റ് തന്നെ സംഭരിക്കുകയും തൊഴിലാളികൾക്ക് ഇവിടത്തന്നെ പരമാവധി തൊഴിൽ കൊടുക്കാനുമുള്ള സംവിധാനങ്ങൾ ഉണ്ടാക്കുകയും ചെയ്തു. അങ്ങനെയാണ് കേരളത്തിലുൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിക്കാനുള്ള സംവിധാനം വിദേശതോട്ടണ്ടിക്കുള്ള സംവിധാനങ്ങളോടൊപ്പം 1970—കളിൽ കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്നത്. നമ്മുടെ പരമ്പരാഗത വ്യവസായങ്ങളെ പുനരുദ്ധരിക്കാനും പുനഃസംഘടിപ്പിക്കാനും വേണ്ടി യാഥാർത്ഥ്യ ബോധത്തോടുകൂടി ബഹുമാനപ്പെട്ട ടി.വി. തോമസ് ആവിഷ്ക്കരിച്ച, പദ്ധതിയിൽ കശുവണ്ടി വ്യവസായത്തിൽ നമ്മുടെ ആഭ്യന്തരമായ തോട്ടണ്ടിയും വിദേശത്തുനിന്ന് കിട്ടുന്ന തോട്ടണ്ടിയും കൂടി സംസ്കരിച്ച് ഇവിടത്തെ തൊഴിലാളികൾക്ക് പണി ലഭിക്കാനുമുള്ള സംവിധാനമുണ്ടായിരുന്നു. ഇവിടെ എല്ലാ ഭാഗത്തുനിന്നും വളരെ ദീർഘമായ ചർച്ചക്കുശേഷം, ദീർഘമായ പരിചിന്തനത്തിനുശേഷം, തൊഴിലാളികളുടെ ദീർഘമായ പ്രക്ഷോഭ സമരങ്ങളുടെ ഫലമായി ഈ വ്യവസായത്തെ നില നിർത്താൻവേണ്ടി ഏർപ്പെടുത്തിയ രണ്ടു സംവിധാനങ്ങളാണ്, വിദേശത്തുനിന്ന് ഇറക്കുന്ന തോട്ടണ്ടി സി.സി.ഐ. വഴിയായിരിക്കണമെന്നും നമ്മുടെ സംസ്ഥാനത്തെ തോട്ടണ്ടി സംഭരിക്കാൻ ഗവൺമെൻറ് മുൻകൈയെടുക്കണമെന്നും. അങ്ങനെ ലഭിക്കുന്ന തോട്ടണ്ടി മുഴുവനും തൊഴിലാളികളുടെ എണ്ണമനുസരിച്ച് ഫാക്ടറികളിൽ എത്തിച്ചു കൊടുക്കണമെന്നും അങ്ങനെയൊരു സംവിധാനം ഏർപ്പെടുത്തിയപ്പോഴാണ് നമുക്കു ലഭ്യമായ തോട്ടണ്ടി മുഴുവൻ ഇവിടെ സംസ്കരിക്കാനും തൊഴിലാളികൾക്ക് തൊഴിൽ നൽകാനുമുള്ള സാഹചര്യമുണ്ടായി. ആ രണ്ടു സംവിധാനങ്ങളും ഇന്ന് ഇല്ലാതായിരിക്കുന്നു. ഈ വ്യവസായത്തിൽ ദീർഘ നാളത്തെ അനുഭവത്തിൻറെ അടിസ്ഥാനത്തിൽ കൊണ്ടുവന്ന ഈ രണ്ടു സംവിധാനങ്ങളും പൊടുന്നനെ ഇല്ലാതായിരിക്കുന്നു. അതിൻറെ പിന്നിൽ പ്രവർത്തിച്ച ശക്തികളെക്കുറിച്ച് എല്ലാവർക്കുമറിയാം. ഇവിടെ മുതലാളിമാർ കോർപ്പറേഷനു കൊടുത്ത ഫാക്ടറികളും തിരിച്ചെടുക്കാനുള്ള ശ്രമം നടത്തുന്നു. ആ ശ്രമത്തെ പരാജയപ്പെടുത്തുന്നതിനുള്ള നിയമ നിർമ്മാണം ആണ് കൊണ്ടുവന്നത്. സി.സി.ഐ. വഴി തോട്ടണ്ടി ഇറക്കുമതി ചെയ്തും നമ്മുടെ തോട്ടണ്ടി സംഭരിച്ചും ഒരു സംവിധാനത്തിലൂടെ വിതരണം ചെയ്യാനുള്ള ഏർപ്പാടുണ്ടായപ്പോഴാണ് അതിനെ എതിർക്കുന്നതിന് എല്ലാ പരിശ്രമങ്ങളും നടത്തി നമ്മുടെ രാജ്യത്തെ കശുവണ്ടി വ്യവസായികൾ. അവർ സി.സി.ഐ. വഴിയുള്ള ഇറക്കുമതിക്ക് തടസ്സം സൃഷ്ടിച്ചു. വിദേശ മാർക്കറ്റുകളിൽ നിന്നും സി.സി.ഐ. വഴി തോട്ടണ്ടി ഇറക്കുമതി ചെയ്യുന്ന സംവിധാനത്തെ പൊളിക്കുവാനും വിദേശങ്ങളിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങളെ പൊളിക്കുവാനും അതാതു കാലഘട്ടത്തിൽ ഈ നിയന്ത്രണങ്ങളെയെല്ലാം കാറ്റിൽ പറത്തി പഴയ രീതി പുനഃസ്ഥാപിക്കാനുമുള്ള പരിശ്രമങ്ങളും കശുവണ്ടി മുതലാളിമാർ നടത്തിയിരുന്നു. എന്നാൽ കേരളം ഭരിച്ചിരുന്ന, തൊഴിലാളികളോടും വ്യവസായത്തോടും ഉത്തരവാദിത്വമുള്ള ഗവൺമെൻറുകളും മുതലാളിമാരുടെ കുതന്ത്രങ്ങളെ എല്ലാം അതിജീവിച്ച് ഈ സംവിധാനത്തെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തു സൂക്ഷിച്ച് മുന്നോട്ടു വന്നു. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം, വ്യവസായ വകുപ്പു മന്ത്രി ശ്രീ. അഹമ്മദിനെ മാത്രമായി പറയുന്നില്ല, കഴിഞ്ഞ മൂന്നു നാലു വർഷങ്ങളായി എല്ലാ കുതന്ത്രങ്ങളും പയറ്റി പരാജയപ്പെട്ട മുതലാളിമാരും ഈ ഗവൺമെൻറും സമാന്തരമായി നീങ്ങുന്ന ഒരു ചിത്രമാണ് നമുക്ക് കാണാൻ കഴിഞ്ഞത്. അതിനു മുമ്പ് ഒരു ഭാഗത്ത് തൊഴിലാളികളും ഗവൺമെൻറും ഒരുമിച്ച് ഒരു മനസ്സിൽ നീങ്ങിക്കൊണ്ട് ഈ മുതലാളിമാരുടെ കുതന്ത്രങ്ങൾക്കെതിരായ സംവിധാനം ഏർപ്പെടുത്തി, ഈ വ്യവസായങ്ങളിൽ ചില നിയന്ത്രണങ്ങളും കൊണ്ടുവന്ന് ഉള്ള സൗകര്യങ്ങളും തൊഴിലാളികൾക്കും വ്യവസായത്തിനും അനുകൂലമായി നീക്കിയിരുന്ന സന്ദർഭം ഉണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു. ഇന്ന് ആ സന്ദർഭം മാറി. ഇന്ന് ഗവൺമെന്റും മുതലാളിമാരും സമാന്തരമായി നീങ്ങിക്കൊണ്ടിരിക്കുന്നു. അങ്ങനെ ഈ സംവിധാനത്തെ പൊളിച്ചിരിക്കുന്നു. അതാണ് സ്ഥിതി. അതാണ് ഈ ഗവൺമെന്റും മുൻകാല ഗവൺമെന്റും തമ്മിൽ ഈ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളമുള്ള വ്യത്യാസം.

അതുപോലെ തന്നെ കോർപ്പറേഷൻ നിലവിൽ വന്നതിനുശേഷം കോർപ്പറേഷനെതന്നെ പരാജയപ്പെടുത്തുന്നതിനുള്ള പല പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. മുതലാളിമാർ എല്ലാ ഫാക്ടറികളും അടച്ചിട്ടുകൊണ്ട് നിയന്ത്രണങ്ങൾക്കെതിരായി ഒരു വെല്ലുവിളി നടത്തുകയുണ്ടായി. കാഷ്യൂ വികസന കോർപ്പറേഷൻ ഏറെറടുത്ത ഫാക്ടറികളിലെ തൊഴിലാളികൾക്ക് ന്യായമായ ആനുകൂല്യങ്ങൾ കൊടുത്തതിന്റെ ഫലമായി ഇവിടെ ആവർത്തിച്ച് സൂചിപ്പിക്കുന്നു, കശുവണ്ടി വികസന കോർപ്പറേഷന് ഭീമമായ നഷ്ടം ഉണ്ടായി. ഈ വ്യവസായത്തിലെ തൊഴിലാളികളിൽ ഗണ്യമായ ഒരു വിഭാഗം ഉൾക്കൊള്ളുന്ന ഒരു വിഭാഗത്തിന് നേരെ മുതലാളിമാർ സംഘടിതരായി നിന്ന് വെല്ലുവിളി ഉയർത്തിയപ്പോൾ ആ വെല്ലുവിളിക്കെതിരായി കേരളാ ഗവൺമെന്റ് ഉയർത്തിപ്പിടിച്ച സ്ഥാപനമാണ് കാഷ്യൂ വികസന കോർപ്പറേഷൻ. ആ വെല്ലുവിളിയെ പരാജയപ്പെടുത്തി; അങ്ങനെ മുതലാളിമാരും സ്വകാര്യ മേഖലയിലെ വമ്പൻമാരുമായുള്ള മൽസരത്തിലൂടെ അവരുടെ എല്ലാവിധ എതിർപ്പുകളെയും അതിജീവിച്ച് മുന്നോട്ടു വന്നു. യഥാർത്ഥത്തിൽ വാടകയ്ക്കെടുത്ത ഫാക്ടറികൾ തിരിച്ചു പോകാതിരിക്കുവാനുള്ള സംവിധാനം ഒരുക്കിയതുകൊണ്ടു മാത്രമായില്ല. അതിന്റെ നിലനിൽപ്പിന് അപകടകരമായ രീതിയിൽ നമ്മുടെ നാട്ടിൽ ലഭിക്കുന്ന തോട്ടണ്ടിയും വിദേശ തോട്ടണ്ടിയും മുതലാളിമാരുടെ തന്നിഷ്ട പ്രകാരം കൈകാര്യം ചെയ്യാനും അവരുടെ കുതന്ത്രങ്ങളുമായി മുന്നോട്ടു പോകാനും ഉള്ള എല്ലാ ഒത്താശയും ചെയ്തു കൊടുത്തുകൊണ്ട് ഈ കോർപ്പറേഷനെ നിയമ നിർമ്മാണംകൊണ്ട് നിർത്താനുള്ള പരിശ്രമമാണ് നടത്തുന്നത്. തീർച്ചയായും അത് വസ്തുതകളെ മറച്ചുവച്ചുകൊണ്ടുള്ള ഒരു പ്രചാരവേലയാണ്.

അതുപോലെതന്നെ മുമ്പും നൂറോളം ഫാക്ടറികൾ അടഞ്ഞു കിടന്നപ്പോൾ പൊതു മേഖലാ സ്ഥാപനത്തെ ഉപയോഗിച്ച് കൂടുതൽ തൊഴിലാളികൾക്ക് പണികൊടുക്കാൻ ശ്രമിച്ചു. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അതിന്റെ ആദ്യ വർഷങ്ങളിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ ഏതാണ്ട് 65 ഓളം കശുവണ്ടി ഫാക്ടറികൾ കഴിഞ്ഞ രണ്ടു മൂന്നു വർഷക്കാലമായി അടഞ്ഞു കിടക്കുകയാണ്. ഇത് ചൂണ്ടിക്കാണിച്ചപ്പോൾ വ്യവസായ വകുപ്പു മന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും ഈ സഭയിൽ തന്നെ ആവർത്തിച്ചു പറഞ്ഞത് അങ്ങനെ ഫാക്ടറികൾ ഒന്നും പൂട്ടിക്കിടക്കുന്നില്ലായെന്നാണ്. പക്ഷെ ഇപ്പോൾ അവർ പറയുന്നു, വർഷങ്ങളായി പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ ഞങ്ങൾ കാപ്പക്സിനെക്കൊണ്ട് ഏറെറടുപ്പിച്ച് നടത്തുകയാണെന്ന്. അപ്പോൾ ഈ സഭയിൽത്തന്നെ തെറെറായ പ്രചാരവേലകളിലൂടെ വ്യവസായ രംഗത്ത് നില നിൽക്കുന്ന പ്രശ്നങ്ങൾ മറച്ചു വയ്ക്കാനുള്ള പരിശ്രമങ്ങൾ കഴിഞ്ഞ മൂന്നേകാൽ വർഷമായി നടത്തി ഒരു പുക മറ സൃഷ്ടിക്കുന്നു. ഈ ഗവൺമെന്റ് പ്രചാരവേലയിൽ നിന്ന് പിൻവാങ്ങി സത്യത്തിന്റെ കണികകൾ ജനങ്ങൾക്ക് അല്ലെങ്കിൽ സാമാജികൻമാർക്ക് എങ്കിലും മനസ്സിലാകുന്ന രീതിയിൽ അവതരി

LIBRARY ARCHIVES Kerala Legislative Assembly

പ്പിക്കണം. അങ്ങനെ ഈ വ്യവസായ രംഗത്ത് കഴിഞ്ഞ മൂന്നര വർഷമായി 65 ഫാക്ടറികളം അടഞ്ഞു കിടക്കുന്നു. അതിൽ ഏഴെണ്ണമോ പതിനെണ്ണമോ ആണ് ഏറെറടുത്തത്. കഴിഞ്ഞ നാലു വർഷക്കാലത്തിലേറെയായി അടഞ്ഞു കിടക്കുന്ന പത്തു പതിനഞ്ചു ഫാക്ടറികളം കൂടിയുണ്ട്. കഴിഞ്ഞ മൂന്നര വർഷംകൊണ്ട് ഏതാനും ഫാക്ടറികളം ഏറെറടുത്തു കാപ്പക്സിന്റെ പ്രവർത്തനം നടത്തിയാൽ എത്ര വർഷംകൊണ്ട് 75 ഫാക്ടറികളിലേയും തൊഴിലാളികൾക്ക് പണികൊടുക്കാൻ കഴിയും? ഒരു നൂറാണ്ടുകാലം എങ്കിലും വേണം. കാപ്പക്സ് എന്നു പറയുന്നത്, തൊഴിലാളികളെ രക്ഷിക്കാൻ വേണ്ടിയുള്ള ഒരു സംവിധാനമാണ് എന്നാണ് പറയുന്നത്. തൊഴിലാളികളെ രക്ഷിക്കാനുള്ള ഒരു സംവിധാനമെന്നതിലുപരി, ദീർഘമായ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ ഈ ഗവൺമെൻറ് ശ്രമിക്കുന്നു, ഞങ്ങൾ ഒരു പുതിയ സംവിധാനം മുൻകാല ഗവൺമെൻറ് കൊണ്ടുവന്നെങ്കിൽ ഞങ്ങളിതാ ഈ മേഖലയിൽ സഹകരണ മേഖല കൊണ്ടുവരുന്നു, നിങ്ങൾക്ക് പരീക്ഷയ്ക്ക് വകയുണ്ട്. ഇത് ഈ പാർലമെൻറ് തിരഞ്ഞെടുപ്പ് കാലഘട്ടത്തിൽ തൊഴിലാളി കുടുംബങ്ങളെ തെറിദ്ധരിപ്പിക്കാൻ വേണ്ടി മാത്രമാണ്.

ഇപ്പോൾ കാപ്പക്സിന്റെ ഭരണ സമിതി പിരിച്ചു വിട്ടു. കാപ്പക്സിന്റെ ഭരണ സമിതി സംഘടിപ്പിച്ചതിന്റെ പ്രത്യേകതകളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. അത് സംഘടിപ്പിച്ചതിനു ശേഷം അതിന് ഒരു എക്സിക്യൂട്ടീവുണ്ടായി.

ഗവൺമെൻറിന്റെ ഉള്ളിലിരിപ്പ് അനുസരിച്ച് പ്രവർത്തിക്കാൻ കഴിയുന്ന ആ എക്സിക്യൂട്ടീവ് ഇപ്പോൾ പിരിച്ചുവിട്ടിരിക്കുന്നു. എന്തിനാണ് പിരിച്ചുവിട്ടിരിക്കുന്നത്. ഭരണപരമായ സൗകര്യത്തിനു വേണ്ടി പിരിച്ചു വിട്ടിരിക്കുന്നുവെന്നാണ് പറയുന്നത്. യാഥാർത്ഥ്യം എന്താണ്? ഇന്ന് മുതലാളിമാർ ഈ രംഗത്തെ തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിച്ചുകൊണ്ട് വ്യവസായം നടത്തുന്നുണ്ട്. തൊഴിലാളികൾക്കു പത്തുകൊല്ലത്തിനുമുമ്പ് തീരുമാനിച്ച മിനിമംകൂലിയാണ് ഇപ്പോഴുമുള്ളത്. പത്തുവർഷത്തിനുമുമ്പ് ആണ് കശുവണ്ടിവ്യവസായത്തിൽ മിനിമം കൂലി നിശ്ചയിച്ചത്. അതിനു ശേഷം ജീവിതചെലവിൽ എത്രയോ മാറ്റങ്ങൾ വന്നു. പത്തുവർഷത്തിനുമുമ്പ് നിശ്ചയിച്ച മിനിമംകൂലിപോലും സ്വകാര്യമുതലാളിമാർ കൊടുക്കുന്നില്ല. അതുപോലെതന്നെ മറ്റ് അവകാശങ്ങളൊന്നും കൊടുക്കുന്നില്ല. അവകാശങ്ങൾ നിഷേധിച്ചുകൊണ്ട് തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിക്കുകയാണ്. മുൻകാലങ്ങളിൽ അംഗീകരിച്ചിരുന്ന എല്ലാ നിയമങ്ങൾക്കും വിരുദ്ധമായി ഫാക്ടറികൾ നടത്തുന്ന മുതലാളിമാരുടെ പ്രവർത്തനങ്ങളെ വെള്ളപൂശാൻ പറ്റുന്ന വിധത്തിലുള്ള നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്. ഗവൺമെൻറ് അംഗീകരിച്ചിരിക്കുന്ന മിനിമംകൂലിപോലും കൊടുക്കാതെ സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ള അവകാശങ്ങൾ നിഷേധിച്ചുകൊണ്ട് പ്രവർത്തിക്കുന്ന മുതലാളിമാരുടെ പ്രവർത്തനത്തിന് വെള്ളപൂശുന്ന ഏർപ്പാടാണ്. ഈ ഗവൺമെൻറിന്റെ മനസ്സിലിരിപ്പ് അനുസരിച്ച് പ്രവർത്തിക്കുന്നതിനുവേണ്ടിയുള്ള ഡയറക്ടർബോർഡ് ഉണ്ടാക്കിയത് അതിനുവേണ്ടിയാണ്. അങ്ങനെ ഉണ്ടാക്കിയ ഡയറക്ടർബോർഡിനുപോലും ശ്രീ. അഹമ്മദോ ഗവൺമെൻറോ ആഗ്രഹിക്കുന്ന അതേ രൂപത്തിൽ പോകാൻ കഴിയാതെ വന്നു. കാപ്പെക്സിന്റെ ഡയറക്ടർ

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിലുള്ള തൊഴിലാളി പ്രതിനിധികളടക്കം ഈ നീക്കത്തിനെതിരായി ഒരുമിച്ച് നിൽക്കുകയും അങ്ങനെ ഈ വ്യവസായത്തിന്റെ പൊതുവിലുള്ള തീരുമാനത്തിൽനിന്ന് വ്യതിചലിക്കാൻ കഴിയാത്ത സാഹചര്യം വന്നപ്പോഴും മരണപരമായ അസൗകര്യം ഉയർന്നുവരികയും ചെയ്തു. ആരുമാരും അറിയാതെ ഒരു സൂപ്രഭാതത്തിൽ ബോർഡ് പിരിച്ചുവിട്ടു. എന്താണ് മരണപരമായ അസൗകര്യം ഉണ്ടായതെന്ന് ഈ സഭയിൽ പറഞ്ഞിട്ടുണ്ടോ? ഒരു ബോർഡ് ഉണ്ടാക്കി കഴിഞ്ഞതിനു ശേഷം മാസങ്ങൾക്കകം എന്താണ് ഗവൺമെന്റിന് ഉണ്ടായ മരണപരമായ അസൗകര്യമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ മറുപടി പ്രസംഗത്തിലെങ്കിലും പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അസൗകര്യം മറ്റൊന്നാണ്. കാഷ്യു കോർപ്പറേഷൻ നടത്തുന്ന മുതലാളിമാരുടെ സൗകര്യത്തിനുവേണ്ടി നടത്താൻ കൊണ്ടുവന്ന കാപ്പെക്സിൽ അതുപോലെ നടത്താൻ കഴിയാതെ വന്നപ്പോഴാ ഗവൺമെന്റിനും അസൗകര്യമുണ്ടായി; മുതലാളിമാർക്കും അസൗകര്യമുണ്ടായി. അങ്ങനെ ഗവൺമെന്റിന്റെയും മുതലാളിമാരുടേയും അസൗകര്യം മാറാൻവേണ്ടിയാണ് ഇപ്പോഴുണ്ടായിരിക്കുന്ന പ്രശ്നം. അതുപോലെതന്നെ ഇപ്പോഴും പറയുന്നത് നഷ്ടമായിരിക്കുമെന്നാണ്. ഈ വർഷം കാപ്പെക്സിന്റെ പ്രവർത്തനങ്ങൾ പ്രസിദ്ധീകരിക്കുമ്പോഴും ഇതുവരെയുള്ള പ്രവർത്തനത്തിന്റെ ഫലം അവലോകനം ചെയ്യുമ്പോഴും ഈവർഷം പ്രോസസിങ്ങ് അവസാനിക്കുമ്പോഴും ലാഭമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിശേഷിച്ചും പരിപ്പിന്റെ വില വർദ്ധിച്ചിരിക്കുന്ന അവസരത്തിൽ. നഷ്ടമാണെന്ന പ്രചാരവേലയാണ് നടത്തുന്നത്. ഈ വർഷം പ്രതീക്ഷിച്ചതിൽനിന്നും നഷ്ടം കുറഞ്ഞുവരികയാണ്. പ്രോസസ്സിങ്ങ് അവസാനിക്കുമ്പോഴും ലാഭത്തിലേക്ക് പോകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രോസസ്സിനിടയ്ക്ക് വച്ച് നഷ്ടമാണ്, അതുകൊണ്ട് വ്യവസായത്തിൽ അംഗീകരിച്ചിട്ടുള്ള ബോണസ്സും കൂലിയും കൊടുക്കണ്ട എന്ന നിലപാട് മാറണമെന്നാണ് പറയാനുള്ളത്. ഇവിടെ ഒരു പ്രചാരവേലയുണ്ട്. കശുവണ്ടിവ്യവസായത്തിൽ മിനിമം കൂലികൊടുക്കാത്തതും കശുവണ്ടിതൊഴിലാളിസംഘടനകളെ പ്രവർത്തിക്കാത്തതുകൊണ്ടാണെന്ന്. വിശേഷിച്ചും തൊഴിൽവകുപ്പുമന്ത്രി ആവർത്തിച്ച് പറയുന്നുണ്ട്. ഞാൻ ചോദിക്കട്ടെ ഈ വ്യവസായത്തിൽ ശ്രീ. ശിവദാസൻ നേരിട്ട് നയിക്കുന്ന യൂണിയൻ ഉണ്ട്. മരണകക്ഷിയിലുള്ളവർക്ക് നേതൃത്വമുള്ള യൂണിയനുണ്ട്. പ്രതിപക്ഷത്തുള്ളവർക്ക് നേതൃത്വമുള്ള യൂണിയനുകളുണ്ട്. ആ യൂണിയനുകളുടെ ദീർഘമായ സമരത്തിന്റെ ഫലമായാണ് മുതലാളിമാരെ തളച്ചിടാനുള്ള എല്ലാ ശ്രമങ്ങളും നടന്നിട്ടുള്ളത്. ഈ വ്യവസായത്തിൽ മിനിമംകൂലി നടപ്പാക്കണമെന്ന ആഗ്രഹം ഈ ഗവൺമെന്റിന് ഇല്ല. മുതലാളിമാർക്ക് കൊള്ളലാഭമടിക്കാനുള്ള സൗകര്യമാണ് ചെയ്തുകൊടുക്കുന്നത്. പുതിയതായി ലൈസൻസ്സ് കൊടുത്തുവെന്ന് പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രി പറയും പണ്ട് ഉണ്ടായിരുന്ന ലൈസൻസുകളെ പുതുക്കികൊടുത്തതാണെന്ന്. എത്രയോ വർഷമായി ഇല്ലാതിരുന്ന ലൈസൻസുകളാണ് ഇപ്പോഴും പുതുക്കികൊടുത്തത്. ഉള്ള തൊഴിലാളികൾക്കു തന്നെ പണിയില്ലാത്തപ്പോഴാ കൂടുതൽ ആളുകൾക്ക് ലൈസൻസ് കൊടുത്തു കൂടുതൽ തൊഴിലാളികളെ ഈ വ്യവസായത്തിലേക്ക് കൊണ്ടുവന്നിരിക്കുകയാണ്. ഈ വ്യവസായത്തെ സംബന്ധിച്ച ഈ ഗവൺമെന്റിന്റെ നയം എന്താണ്? തൊഴിലാളികൾക്കു മിനിമംകൂലി കൊടുക്കാത്തതിന്റെ ഉത്തരവാദിത്വം തൊഴിൽ വകുപ്പു

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയ്ക്കാണ്. യൂണിയൻ നേതാക്കളെ വിളിച്ചുകൂട്ടിയ കോൺഫറൻസിൽ വളരെ ലജ്ജാവഹമായ രൂപത്തിലുള്ള നിർദ്ദേശം തൊഴിൽ വകുപ്പുമന്ത്രി മുന്നോട്ടുവച്ചു. നിങ്ങളം പറയുന്നതുപോലെ മിനിമം കൂലി കൊടുത്തുകൊണ്ട് ഈ വ്യവസായം നടത്തുന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന് അഭിപ്രായമില്ല. അതുകൊണ്ട് നിങ്ങളം താഴോട്ട് വരണമെന്ന് ആർ.എസ്.പി.യിലെ മുതിർന്ന നേതാവായ കെ.ടി. ജോർജ്ജ് കോൺഫറൻസിൽ പറഞ്ഞു. അതിനെ പുച്ഛത്തോടുകൂടിയാണ് തള്ളിക്കളഞ്ഞത്. ഈ വ്യവസായം നേരിടുന്ന പ്രതിസന്ധി കണക്കിലെടുക്കാതെ, മിനിമംകൂലി പോലും കൊടുക്കാതെ ഈ വ്യവസായം നടത്താൻ എല്ലാ ഒത്താശകളും ചെയ്തുകൊടുക്കുന്ന പ്രവർത്തനം അന്നുമുതൽ തുടങ്ങിയതാണ്. ഈ രാജ്യത്ത് പ്രഖ്യാപിച്ചിട്ടുള്ള മിനിമംകൂലി കൊടുപ്പിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കേണ്ടതാണ്. കർശനമായും മിനിമം കൂലി കൊടുക്കണമെന്ന് പറയാൻ ഒരൊറ്റ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥനെങ്കിലും തയ്യാറായിട്ടുണ്ടോ? ഈ നിയമഭേദഗതി തീർച്ചയായും അംഗീകരിക്കുന്നു. എന്നാൽ ഈ നിയമഭേദഗതി കൊണ്ട് ഈ വ്യവസായത്തിൽ നേരിടുന്ന പ്രശ്നങ്ങളം എങ്ങനെ പരിഹരിക്കാൻ കഴിയും. പൊതുമേഖലയുടെ നിലനിൽപ്പുപോലും അപകടപ്പെടുത്തുന്ന രൂപത്തിൽ മാറിമറിക്കുന്ന ഒന്നാണ്. കഴിഞ്ഞകാലത്തെ കയറ്റുമതി ക്വാട്ട സെക്ഷൻ സംവിധാനം പുനഃസ്ഥാപിക്കണം. വിദേശ തോട്ടണ്ടി ഇറക്കുമതി മുതലാളിമാർക്കുകൊടുത്ത സംവിധാനം ഉപേക്ഷിച്ച് പഴയ സംവിധാനം നടപ്പാക്കണം. ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി സംരക്ഷിക്കാനുള്ള സംവിധാനമേർപ്പെടുത്തണം. ആഭ്യന്തരമായി തോട്ടണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള സംവിധാനവും ആലോചിക്കണം. അതല്ലാതെ ഈ നിയമഭേദഗതികൊണ്ട് കോർപ്പറേഷൻ നേരിടുന്ന പ്രശ്നം പരിഹരിക്കാൻ കഴിയുകയില്ലെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകളം അവസാനിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 1979-ലെ കേരള കശുവണ്ടി ഫാക്ടറികളം ആവശ്യപ്പെടൽ ആക്ടിന്റെ ഒരു ഭേദഗതിയാണ് ഈ ബിൽകൊണ്ട് ഉദ്ദേശിക്കുന്നത്. കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും ഇന്ന് കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ള ഫാക്ടറികളം തുറന്ന് നടത്തുന്നതിനും വേണ്ടിയുള്ള നിയമനിർമ്മാണമാണ് ഈ സഭയുടെ മുമ്പിലുള്ളത്. കശുവണ്ടിവികസന കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കി കേരളത്തിലെ കശുവണ്ടിത്തൊഴിലാളികളെ രക്ഷിക്കണം. എന്നാൽ കശുവണ്ടി വികസന കോർപ്പറേഷൻ തൊഴിലാളികൾക്ക് സ്ഥിരമായി ജോലി കൊടുക്കുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണ്. സ്വകാര്യമുതലാളിമാർ നടത്തുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് കൂടുതൽ ദിവസം ജോലി ലഭിക്കുകയും കോർപ്പറേഷൻ നടത്തുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് നാമമാത്രമായ ദിവസങ്ങളിൽമാത്രം ജോലി ലഭിക്കുകയും ചെയ്യുന്ന വിരോധാഭാസമാണ് ഉണ്ടായിരുന്നത്. ഇതിനൊരു മാറ്റംവരുത്തണമെങ്കിൽ കശുവണ്ടി വികസനകോർപ്പറേഷന്റെ ഇന്നത്തെ പ്രവർത്തനത്തിലും കോർപ്പറേഷനോടുള്ള ഗവൺമെന്റിന്റെ ഇന്നുള്ള സമീപനത്തിലും കാതലായ മാറ്റംവരുത്തിയാലേ പറ്റുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.കെ. ഹംസ: പോയിന്റ് ആഫ് ഓർഡർ. (Rule 314)

All matters not specifically provided for in these Rules and all questions relating to the detailed working of these Rules shall be regulated in such manner as the Speaker may, from time to time, direct.

ഇതിൽ പ്രത്യേകമായി പരിഗണിച്ച് പറഞ്ഞിട്ടില്ലാത്ത വസ്തുതകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർക്ക്, ആവശ്യമായി വരുമ്പോൾ പരിഗണിച്ച് പറയാനുള്ള അധികാരമുണ്ട്. ഈ സഭയിലെ ബഹുമാനപ്പെട്ട ഒരു മെമ്പറും മുൻമന്ത്രിയുമായ ശ്രീ. ബാലകൃഷ്ണ പിള്ളയെ കഴിഞ്ഞ ഒരാഴ്ചയായി കാണാനില്ല. അദ്ദേഹം സി.ബി.ഐ. ഉദ്യോഗസ്ഥൻമാരുടെ കസ്റ്റഡിയിലാണെന്നുള്ള ഒരു അഭ്യൂഹം പുറത്തുണ്ട്. അദ്ദേഹത്തിന് എന്തുപറ്റിയെന്നറിയാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്. നാളെ ഞങ്ങളുടേയും ഗതി ഇതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ചെയറിൽനിന്ന് ഇതിനെക്കുറിച്ച് അന്വേഷിച്ച് ഒരു പ്രസ്താവന ചെയ്തു സംശയം ദൂരീകരിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

മി. ചെയർമാൻ: ഇവിടെ ബില്ലിനെക്കുറിച്ചുള്ള ചർച്ചയാണ്. ബില്ലിൽ ഒതുങ്ങിനിന്നു സംസാരിക്കണം.

ശ്രീ. എം.വി. രാഘവൻ: ഞാൻ ഇതു നിഷേധിക്കുകയാണ്. ശ്രീ. ബാലകൃഷ്ണപിള്ള സി. ബി. ഐ. ഉദ്യോഗസ്ഥൻമാരുടെ കസ്റ്റഡിയിലല്ല. ശ്രീ. കരുണാകരൻറേയോ ശ്രീ. ഗംഗാധരൻറേയോ കസ്റ്റഡിയിലാണ്. ശ്രീ. ബാലകൃഷ്ണപിള്ള അവരുടെ വീടുകളിലാണ് അവസാനം പോയത്. അതുകൊണ്ട് സഭാനേതാവിൻറേയോ ശ്രീ. ഗംഗാധരൻറേയോ വീടുകളിലാണ്. അന്വേഷിക്കേണ്ടത്.

മി. ചെയർമാൻ: അദ്ദേഹം ആരുടേയും കസ്റ്റഡിയിലല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ ബില്ലിൻറെ ചർച്ചയിൽ ശ്രീ. ബാലകൃഷ്ണപിള്ള വീണ്ടും കടന്നുവന്നിരിക്കുകയാണ്. ഞാൻ ബാലകൃഷ്ണപിള്ളയെക്കുറിച്ച് ഒന്നും പറയുന്നില്ല. ശവത്തിൻറെ മേൽ വീണ്ടും കുത്തുന്നത് ശരിയല്ലെന്നുള്ളതുകൊണ്ടാണ് ഞാൻ അതിനെക്കുറിച്ച് പറയാത്തത്. ബഹുമാനപ്പെട്ട സ്പീക്കർ ഇതിനെക്കുറിച്ച് അന്വേഷിച്ച് അദ്ദേഹം സി.ബി.ഐ. യുടെ കസ്റ്റഡിയിലാണെങ്കിൽ, അതിൽനിന്ന് ശ്രീ. പിള്ളയെ മോചിപ്പിച്ച് ഉടൻ ഒന്ന് ഒഴിവാക്കികൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ശ്രീ. കോട്ടക്കുഴി സുകുമാരൻ: പോയിന്റ് ഓഫ് ആർഡർ. ഈ സഭയിലെ ഒരംഗം ശ്രീ. ആർ. ബാലകൃഷ്ണപിള്ള, അദ്ദേഹത്തിന് കണ്ണിന് ചെകണ്ണായിട്ട് അദ്ദേഹത്തിൻറെ വഴുതക്കാടുള്ള വീട്ടിൽ ഇപ്പോഴുണ്ട്. ഞാൻ അദ്ദേഹത്തെ കണ്ടിട്ടാണ് വരുന്നത്. അപ്പോൾ അദ്ദേഹം സി.ബി.ഐ. കസ്റ്റഡിയിലാണെന്നു പറയുന്നത് ആർഡറിലാണോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എനിക്ക് ശ്രീ. പിള്ളയുടെ കാര്യത്തിൽ വലിയ താൽപ്പര്യമില്ല. അതുകൊണ്ട് അദ്ദേഹം എവിടെ

LIBRARY ARCHIVES Kerala Legislative Assembly

യാണെന്ന് അന്വേഷിക്കേണ്ട ആവശ്യവും എനിക്കില്ല. ഞാൻ ബില്ലിനകത്ത ഒതുങ്ങിനിന്ന് സംസാരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ഇവിടെ കശുവണ്ടി വികസന കോർപ്പറേഷനോടുള്ള ഗവൺമെൻറിന്റെ ഇന്നത്തെ സമീപനത്തിൽ മാറ്റം വരുത്താതെ ആ കോർപ്പറേഷനെ കാര്യക്ഷമമാക്കാൻ കഴിയുകയില്ല. ഈ കോർപ്പറേഷന് പ്രവർത്തിക്കാൻ ആവശ്യമായ മൂലധനമില്ല. കോർപ്പറേഷന് കടം കൊടുത്തു. കഴുത്തറുപ്പൻ പലിശയാണ് ഇന്ന് ഈടാക്കിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായി കോർപ്പറേഷന് പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്ത ഒരു സ്ഥിതിയിൽ എത്തിച്ചേർന്നിരിക്കുകയാണ്. 1970–71 സാമ്പത്തികവർഷം മുതൽ 1984–85 വരെയുള്ള പതിനഞ്ച് വർഷക്കാലം ഗവൺമെൻറ് കോർപ്പറേഷനു വേണ്ടി മുടക്കിയ തുക എത്രയാണെന്നറിയാമോ? 2,032 ലക്ഷം രൂപ മുടക്കിയിട്ടുണ്ട്. ഇതിൽ ഓഹരിമൂലധനം 194 ലക്ഷവും വായ്പ 1,838 ലക്ഷവുമാണ്. പതിനഞ്ച് വർഷത്തിനിടയിൽ നികുതിയിനത്തിലും പലിശയിനത്തിലും കോർപ്പറേഷൻ നൽകേണ്ടിവന്ന തുക 2,726 ലക്ഷം രൂപയാണ്. ഇതിൽ പർച്ചേസ് ടാക്സ് 882 ലക്ഷം രൂപ കൊടുക്കേണ്ടതായിട്ടുണ്ട്. ഗവൺമെൻറിന്റെ ലോണിന്റെ പലിശയായിട്ട് 1,058 ലക്ഷം രൂപ കോർപ്പറേഷൻ നൽകേണ്ടതായിട്ടുണ്ട്. പലിശയിനത്തിൽ 1,058 ലക്ഷം രൂപ ഗവൺമെൻറിന് ലഭിക്കുമ്പോഴും ബാങ്കിന് പലിശയായി കൊടുക്കേണ്ടിവരുന്നത് 786 ലക്ഷം രൂപയാണ്. ഇങ്ങനെ ഭീമമായ തുക പലിശ ഈടാക്കുന്നതുകൊണ്ടാണ് കോർപ്പറേഷന്റെ, പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്ത ഒരു സ്ഥിതി വന്നുചേർന്നിട്ടുള്ളത്. കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കണമെങ്കിൽ ഇന്നുള്ള സമീപനത്തിൽ കാതലായ മാറ്റം വരുത്തികൊണ്ട്, കശുവണ്ടി തൊഴിലാളികളെ കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള ഒരു സമീപനം ഗവൺമെൻറ് സ്വീകരിക്കാൻ തയ്യാറാകണം. 1982 വരെ തോട്ടണ്ടി കുത്തയ്ക്കു അർഹതയുള്ള റഗുലർ ഫാക്ടറികളുടെ എണ്ണം 194 ആയിരുന്നു. ശരാശരി 70 ദിവസം അവർക്ക് ജോലി കിട്ടുമെന്നാണ് കണക്കാക്കിയിരുന്നത്. എന്നാൽ ഇപ്പോൾ 30 ദിവസം പോലും ജോലിയില്ല കശുവണ്ടി കോർപ്പറേഷന്റെ കീഴിലുള്ള തൊഴിലാളികൾക്ക്. അതേസമയം സ്വകാര്യ മുതലാളിമാർ നടത്തുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് പത്ത് മാസവും ജോലി ലഭിക്കുന്ന അനുഭവം എന്റെ നിയോജകമണ്ഡലത്തിൽ തന്നെയുണ്ട്. ഈ ഗവൺമെൻറ് സ്വീകരിച്ചത് പുതിയ ഫാക്ടറികൾക്ക് ലൈസൻസ് കൊടുക്കുന്ന ഒരു സമീപനമാണ്. 84 പുതിയ ഫാക്ടറികൾക്ക് ഈ ഗവൺമെൻറ് അധികാരത്തിൽ വന്നപ്പോൾ തന്നെ ലൈസൻസ് കൊടുത്തിട്ടുണ്ട്. തൊഴിലാളികൾക്ക് ക്ഷാമബത്ത കൊടുക്കുന്നില്ല. തൊഴിലാളികൾക്ക് ക്ഷാമബത്ത കൊടുക്കേണ്ടതില്ലായെന്നും അതിന്റെ ആവശ്യമില്ലായെന്നും പറയുന്ന ഒരു തൊഴിൽ വകുപ്പുമന്ത്രിയും നമ്മുടെ നാട്ടിലുണ്ട്. ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി ശിവദാസൻ നടത്തികൊണ്ടിരിക്കുന്ന പരസ്യമായ പ്രഖ്യാപനങ്ങൾ മുഴുവൻ കശുവണ്ടി ഫാക്ടറിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് എതിരായിട്ടാണ്. കശുവണ്ടി മുതലാളിമാരെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള പ്രഖ്യാപനമാണ് അദ്ദേഹം നടത്തിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ശിവദാസൻ ഇപ്പോൾ തൊഴിലാളികളെ പാഠം പഠിപ്പിക്കുവാനും ആദർശ-

LIBRARY ARCHIVES Kerala Legislative Assembly

പഠിപ്പിക്കുവാനും പുറപ്പെട്ടിരിക്കുകയാണ്. ഇന്നത്തെ പത്രത്തിൽ ശ്രീ. ശിവദാസനേരായ ഒരു പ്രസംഗമുണ്ട്. ആദർശപരമായ പാപ്പരത്തം മൂലം തൊഴിലാളി ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ നശിച്ചു കൊണ്ടിരിക്കുകയാണ്. പറയുന്നത് ആരാണെന്നറിയാമോ? ശിവദാസൻ. ആദർശപരമായ പാപ്പരത്തം മൂലം ട്രേഡ് യൂണിയൻ പ്രസ്ഥാനം നശിച്ചുകൊണ്ടിരിക്കുന്നു. ശ്രീ. ശിവദാസനു വല്ല ആദർശവുമുണ്ടോ? മന്ത്രിസ്ഥാനത്തിനുവേണ്ടി ആദർശം വിറ്റ് കാശാക്കിയ മന്ത്രി ഇപ്പോഴാ പറയുകയാണ് തൊഴിലാളികൾക്ക് ആദർശം വേണം. തൊഴിലാളികൾക്ക് ആദർശം വേണമെന്നു പറഞ്ഞുകൊണ്ട്, തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ മുതലാളിമാരുടെ മുമ്പിൽ അടിയറവ് വയ്ക്കണമെന്നു പറയുന്ന ഒരു തൊഴിൽ വകുപ്പു മന്ത്രിയുടെ കീഴിലുള്ള, കശുവണ്ടി ഫാക്ടറിയുടെ കീഴിൽ പണി യെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷാമബത്തയില്ല; ന്യായമായ കൂലി യില്ല. കശുവണ്ടി തൊഴിലാളികൾ ജോലിയില്ലാതെ കഷ്ടപ്പെടുന്ന അവസ്ഥ വന്നിരിക്കുകയാണ്. കള്ളപ്പണക്കാർക്ക്, കള്ളപ്പണം വെള്ളപ്പണമാക്കുന്നതിനുള്ള കേളീരംഗമായി കശുവണ്ടി കുടിവ്യവസായത്തെ ഉപയോഗപ്പെടുത്തികൊണ്ടിരിക്കുകയാണ്. ഇതിന്റെയെല്ലാം ഫലമായി കേരളത്തിലെ കശുവണ്ടി വ്യവസായരംഗത്തെ ആശ്രയിച്ച് ജീവിക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾ തെരുവാധാരമായിത്തീർ ന്നിരിക്കുന്നു. അങ്ങനെ തെരുവാധാരമാക്കിത്തീർത്ത ഗവൺമെൻറാണ് ഇപ്പോൾ ഈ ബില്ല് കൊണ്ടുവന്നിട്ടുള്ളത്. കശുവണ്ടി വികസന കോർപ്പ റേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കി, സ്വകാര്യ മുതലാളിമാരോട് കാണിക്കുന്ന അനുകമ്പാപൂർവ്വമായ സമീപനം ഉപേക്ഷിക്കണം. നമ്മുടെ ഗവൺമെൻറിന് അതുമാത്രമേ സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്ന് എനിക്ക് അറിയാം. ഈ ഗവൺമെൻറിൽ നിന്നും ഇതിൽ കൂടുതൽ പ്രതീക്ഷിച്ചിട്ട് കാര്യമില്ല. കശുവണ്ടി തൊഴിലാളികളുടെ കാര്യത്തിൽ ഗവൺമെൻറിന് താൽപ്പര്യമില്ല. ഈ ഗവൺമെൻറ് അധി കാരത്തിൽ വന്നതിനുശേഷം കശുവണ്ടി മുതലാളിമാർക്ക് നല്ലകാല മായി. കേരളത്തിലെ കള്ളപ്പണക്കാർക്ക് നല്ലകാലമായി. അവർ ഇന്ന് കശുവണ്ടി വ്യവസായരംഗത്തേക്ക് കടന്നു വന്ന് കുടിവ്യവസ്സ് ആരംഭിച്ച് കൂടുതൽ ലാഭം കുന്നുകൂട്ടുന്നതി നുള്ള നടപടികളിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥിതിയാണ് കാണുന്നത്. കുത്തകസംഭരണം പൂർണ്ണമായും ഈ ഗവൺമെൻറ് ഉപേക്ഷിച്ചു. കുത്തകസംഭരണം ഉപേക്ഷിച്ചതിന്റെ ഫലമായി കേരളത്തിലെ കശുവണ്ടി കൃഷിക്കാരും കഷ്ടത്തിലായി. അങ്ങനെ കശുവണ്ടി തൊഴിലാളി കളേയും കശുവണ്ടി കൃഷിക്കാരേയും ഒരുപോലെ തെരുവാധാര മാക്കിയ ഗവൺമെൻറാണ് ഈ ഗവൺമെൻറ്. കശുവണ്ടി ഫാക്ടറികളെ സഹായിച്ചു, കശുവണ്ടി തൊഴിലാളികളെ രക്ഷിച്ചു, കൃഷിക്കാരെ രക്ഷിച്ചു എന്നു അഭിമാനം കൊള്ളുന്നതിനു വേണ്ടിയാണ് ഇപ്പോൾ ഈ നിയമ നിർമ്മാണവുമായി ഗവൺമെൻറ് സഭയുടെ മുമ്പാകെ വന്നിട്ടുള്ളത്. ഏതായാലും ആർഡിനൻസിന് നിയമപ്രാബല്യം കൊടുക്കാൻ കഴിയും എന്നുള്ളതുകൊണ്ട് ഞാൻ ഇതിനെ അനു കൂലിക്കുകയാണ്. ആർഡിനൻസുകൾ പരമാവധി കുറച്ചു കൊണ്ടുവരുന്നതിനുള്ള നടപടി സ്വാഗതാർഹമാണ്. ആർഡിനൻസ് മുഖാന്തിരം ഭരണം നടത്തികൊണ്ടിരിക്കുന്ന അവസ്ഥാവിശേഷം ഈ സംസ്ഥാനത്ത് അവസാനിപ്പിക്കണം. അതുകൊണ്ട് ആർഡി നൻസിന് നിയമപ്രാബല്യം കൊടുക്കാൻ സഹായകമാകുന്ന ഈ ബില്ല് കഴിയുന്നതും വേഗം നിയമമാക്കുകയും കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

കശുവണ്ടിരംഗത്ത് ജോലി ചെയ്യുന്ന തൊഴിലാളികളെ സംരക്ഷിക്കുകയും ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

ശ്രീ. സി.ടി. അഹമ്മദ് അലി: സർ, ഈ ബില്ലിൽ പല അഭിപ്രായങ്ങളും പല നിർദ്ദേശങ്ങളും പല മെമ്പർമാരും വച്ചുവെങ്കിലും ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി ഈ കശുവണ്ടി ഫാക്ടറികളെ സംരക്ഷിക്കുന്ന കാര്യത്തിൽ വളരെയേറെ മുന്നോട്ട് പോയിട്ടുണ്ട്. കൃത്രകസംഭരണം ഏർപ്പെടുത്തിയതിന് അനുകൂലമായും പ്രതികൂലമായും പല നിർദ്ദേശങ്ങളും ഇവിടെ വച്ചുവെങ്കിലും ഇവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിച്ചിരുന്ന കാലഘട്ടത്തിൽ കശുവണ്ടിക്ക് ഉണ്ടായിരുന്ന വില എത്രയാണെന്ന് നാം പരിശോധിക്കേണ്ടതുണ്ട്. അന്ന് മൂന്നു രൂപയും മൂന്നരരൂപയും വച്ച് എടുക്കാൻ പോലും സഹകരണ സ്ഥാപനങ്ങളിൽ ആള് ഉണ്ടായിരുന്നില്ല. അത് തൂക്കി കൊടുത്താൽ മാസങ്ങളും കൊല്ലങ്ങളും കഴിഞ്ഞതിനുശേഷമാണ് പേമെന്റ് നൽകിയിരുന്നത് എന്നുള്ള വസ്തുത ഈ മെമ്പറൻമാരെ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് അത് മാറി. ഈ ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതോടുകൂടി കശുവണ്ടിക്ക് 11 രൂപയും 12 രൂപയും വില കൊടുക്കാനും തൊഴിലാളികൾക്ക് കൂടുതൽ ദിവസം തൊഴിലവസരമുണ്ടാക്കാനും കഴിഞ്ഞു. എന്നുമാത്രമല്ല, പൂട്ടിയിട്ടിരുന്ന വളരെയേറെ കശുവണ്ടി ഫാക്ടറികളും തുറന്നു പ്രവർത്തിപ്പിക്കാനും കഴിഞ്ഞു എന്നുള്ളതുതന്നെ ഈ ഗവൺമെന്റിന്റെ വലിയ ഒരു നേട്ടമായി ഞാൻ കാണുകയാണ്. എനിക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, കശുവണ്ടി ഉൽപ്പാദനത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന മേഖലയാണ് കാസർകോട് കണ്ണൂർ മേഖലകൾ. ആ മേഖലയിലാണ് ഏറ്റവുമധികം കശുവണ്ടി ഉൽപ്പാദിപ്പിക്കുന്നത്. ട്രാൻസ്പോർട്ട് ചാർജ് നൽകി, കൊല്ലത്തുകൊണ്ടുവന്നാണ് അത് മുഴുവനും പ്രോസസ് ചെയ്യുന്നത്. അതുകൊണ്ട് ഏതെങ്കിലും സംവിധാനം, പൊതുമേഖലയിലോ സഹകരണമേഖലയിലോ മറ്റോ തെങ്കിലും അടിസ്ഥാനത്തിലോ അവിടെ ഒരു കശുവണ്ടി ഫാക്ടറി തുറക്കുവാനോ അതല്ലെങ്കിൽ പൂട്ടികിടക്കുന്ന വല്ല വ്യവസായസ്ഥാപനവും അവിടേക്ക് ഷിഫ്റ്റ് ചെയ്യാനോ ഉള്ള എന്തെങ്കിലും സംവിധാനമുണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: സർ, പാരമ്പരാഗത വ്യവസായങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒരു വ്യവസായമാണ് കശുവണ്ടിവ്യവസായം. ഒന്നരലക്ഷത്തോളം തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന ഒരു വ്യവസായമാണിത്. ഈ തൊഴിലാളികളിൽ 95 ശതമാനവും സ്ത്രീകളാണ്. ഈ വ്യവസായം കോടിക്കണക്കിന് രൂപ വിദേശനാണ്യം നേടിത്തരുന്നുണ്ട്. 1981–82–ൽ 152.91 കോടിരൂപ, 1982–83–ൽ 133.25 കോടി രൂപ, 1983–84–ൽ 132.13 കോടി രൂപ ഇങ്ങനെ കോടിക്കണക്കിന് രൂപ വിദേശനാണ്യം നേടിത്തരുന്ന ഈ വ്യവസായത്തിലെ തൊഴിലാളികൾ— ഒന്നരലക്ഷത്തോളം തൊഴിലാളികളും അവരെ ആശ്രയിച്ചുകഴിയുന്ന ഏഴെട്ടുലക്ഷം കുടുംബങ്ങളും ഇന്ന് നിത്യപട്ടിണിയിലാണ്. ഈ പട്ടിണി അവസാനിപ്പിക്കാൻ ഈ സർക്കാർ കാര്യ

LIBRARY ARCHIVES Kerala Legislative Assembly

മായി ഒന്നും ചെയ്യുന്നില്ലെന്നുള്ളത് ഖേദകരമായ വസ്തുതയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ വ്യവസായത്തിൽ കൂടുതൽ തകർച്ചയാണ് ഉണ്ടായിട്ടുള്ളത്. സാമൂഹ്യമായി വളരെ പിന്നോക്കം നിൽക്കുന്ന ഈ വ്യവസായത്തൊഴിലാളികൾക്ക് നിത്യ വൃത്തി നടത്താനെങ്കിലും തൊഴിൽ ഉണ്ടാക്കികൊടുക്കാൻവേണ്ടി ഇടതു പക്ഷജനാധിപത്യ മുന്നണി സർക്കാരുകൾ കേരളത്തിൽ അധികാരത്തി ലിരുന്നപ്പോൾ പല പുരോഗമനപരമായ നടപടികളും സ്വീകരിച്ചി രുന്നു. ആ പുരോഗമനപരമായ പല നടപടികളും തകർത്ത് തരിപ്പ ണമാക്കുക മാത്രമല്ല ഈ സർക്കാർ ചെയ്തിട്ടുള്ളത്. സ്വകാര്യമുത ലാളിമാരെ നിലയ്ക്കു നിർത്താനും തൊഴിലാളികൾക്കു തൊഴിൽ നൽകാനും ഇടതുജനാധിപത്യ മുന്നണി സർക്കാർ ശ്രമിച്ചിരുന്നു വെങ്കിൽ മുതലാളിമാരെ സഹായിക്കുന്ന ഒരു നയവ്യതിയാനമാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. അതിന്റെ ഫലമായിട്ടാണ് ഈ വ്യവസായം തകർന്നുകൊണ്ടിരിക്കുന്നത്. 65 കാഷ്യൂ ഫാക്ടറികൾ കഴിഞ്ഞ മൂന്നരവർഷമായി അടച്ചിട്ടിരിക്കുകയാണ്. ഈ അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻവേണ്ടി മുതലാളിമാരെ പ്രേരിപ്പിക്കാൻ തീർച്ചയായും ഒരു ചെറുവിരൽ പോലും ഈ സർക്കാർ അനക്കിയിട്ടില്ല. അതുമാത്രമല്ല ഈ ഫാക്ടറികൾ അടഞ്ഞുകിടക്കുമ്പോൾതന്നെ ആ മുതലാളിമാർക്ക് മേൽ 84 കുടിവെപ്പ് കേന്ദ്രങ്ങൾ തുടങ്ങാൻ കരുണാകരൻ സർക്കാർ ലൈസൻസ് കൊടുത്തു. സ്വകാര്യമുതലാളിമാർ കൈയടക്കിയിരി ക്കുന്ന ഈ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം കൂലി നിഷേധിച്ചിരിക്കുകയാണ്. മിനിമം കൂലി നിഷേധിച്ച ആ മുതലാളിമാരെ നിലയ്ക്കുനിർത്താൻ ഈ സർക്കാർ ഒന്നും ചെയ്യുന്നി ല്ലെന്നു മാത്രമല്ല അവർക്ക് എല്ലാ ഒത്താശകളും ഈ സർക്കാർ ചെയ്തുകൊണ്ടിരിക്കുകയാണ്.

ഇവിടെ കാപ്പക്സ് വന്നാൽ ഈ വ്യവസായം നന്നാകുമെന്നാണ് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രിയും ഈ സർക്കാരും അന്ന് കരുതിയത്. അതനുസരിച്ച് കാപ്പക്സ് രൂപീകരിച്ചു. കാപ്പക്സ് ഇതുവരെ അഞ്ചോളം (5 എണ്ണം) ഫാക്ടറികളേ ഏറെടുത്തിട്ടുള്ളു. ആ ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമംകൂലി നിഷേ ധിച്ചിരിക്കുകയാണ്. ഒന്നരലക്ഷത്തോളം തൊഴിലാളികൾ വർഷങ്ങ ളോളം നിരന്തരമായി സമരം ചെയ്തത് നേടിയെടുത്ത അവകാ ശമായ മിനിമം കൂലി നിഷേധിച്ചാൽ അതിനെതിരായി നടപടി സ്വീക രിക്കാൻ സർക്കാർ തയ്യാറല്ല, മാത്രമല്ല കാപ്പെക്സിന് ഈ സർക്കാർ നിർദ്ദേശം കൊടുത്തിരിക്കുന്നു മിനിമംകൂലി വെട്ടിക്കുറച്ചുകൊണ്ട് ഈ ഫാക്ടറികൾ നടത്താൻ. മിനിമംകൂലി നിഷേധിച്ചുകൊണ്ട് കാപ്പക്സ് ഈ ഫാക്ടറികൾ നടത്തുമ്പോൾ മിനിമംകൂലി കൊടു ക്കണമെന്ന് നിർബന്ധിക്കുന്നതിനു പകരം ഈ ഗവൺമെന്റ് കാപ്പക്സിന് കൊടുത്തിരിക്കുന്ന നിർദ്ദേശം മിനിമം കൂലി വെട്ടിക്കുറച്ചുകൊണ്ട് തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിപ്പിക്കണമെന്നാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്ന ഒരാൾ എന്ന നിലയിൽ എനിക്ക് ഇതുപോ ലുള്ള കാര്യങ്ങൾ ധാരാളമായി പറയാനുണ്ട്.

സ്വകാര്യമേഖലയെക്കുറിച്ചു പറയുകയാണെങ്കിൽ തോട്ടണ്ടിയുടെ ഇറക്കുമതി സ്വകാര്യമുതലാളിമാരെ ഏൽപ്പിക്കാൻവേണ്ടി എത്രയോ വർഷമായി അവർ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിക്കൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടിരിക്കുകയായിരുന്നു. കേന്ദ്രഗവൺമെന്റ് എസ്.ടി.സി. വഴി തോട്ടണ്ടി ഇറക്കുമതി ചെയ്തുകൊണ്ടിരുന്നത് ഇന്ന് സ്വകാര്യമുതലാളിമാരെ ഏൽപ്പിച്ചിരിക്കുകയാണ്. തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ സ്വകാര്യമുതലാളിമാരെ ഏൽപ്പിച്ചതുകൊണ്ട്. ഇന്ന് ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി മുഴുവൻ കുടിൽ ഫാക്ടറികളിലും മറ്റു സംസ്ഥാനങ്ങളിലും പോവുകയാണ്. സ്വകാര്യമുതലാളിമാർ ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ ഒരു വിഹിതം നമ്മുടെ സംസ്ഥാനത്തു വിതരണം ചെയ്യണമെന്ന് വ്യവസ്ഥ ഉണ്ടെങ്കിലും ശ്രീ. രവി കരുണാകരനും മറ്റു മുതലാളിമാരും ഇറക്കുമതി ചെയ്ത ഒരൊറ്റ തോട്ടണ്ടിപോലും ഈ സംസ്ഥാനത്ത് എത്തിയിട്ടില്ല. ഈ സംസ്ഥാനത്ത് അത് വിതരണം നടത്താൻ കഴിഞ്ഞിട്ടില്ല. സ്വകാര്യമുതലാളിമാരെ കേന്ദ്രഗവൺമെന്റ് സഹായിക്കുമ്പോഴും ആ കേന്ദ്രഗവൺമെന്റിനു അനുകൂലമായി ഈ സർക്കാർ പ്രവർത്തിക്കുന്നുവെന്നുള്ളതു വളരെ ഖേദകരമാണ്. കോടിക്കണക്കിനു രൂപ വിദേശനാണ്യം നേടിത്തരുന്ന ഈ വ്യവസായത്തെ പുനരുദ്ധരിക്കാൻവേണ്ടി സഖാവ് ടി.വി. തോമസും അതുപോലെതന്നെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത് ഈ വകുപ്പുകൈകാര്യം ചെയ്തിട്ടുള്ള മന്ത്രിമാരും എടുത്തിട്ടുള്ള നടപടികളും തെറ്റാണെന്നു വരുത്തിതീർക്കാൻവേണ്ടി ഈ വ്യവസായത്തെ തകർക്കാൻ വേണ്ടിയിട്ടുള്ള നടപടികളാണ് ഈ വലതുപക്ഷ സർക്കാർ സ്വീകരിച്ചുവരുന്നത്.

ഈ ഗവൺമെന്റ് കുത്തകസംഭരണം എടുത്തുകളഞ്ഞു. കുത്തക സംഭരണം ഏർപ്പെടുത്തിയിരുന്നതുകൊണ്ടുണ്ടായ ഗുണം നമുക്കറിയാം. തൊഴിലാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസുള്ള ഫാക്ടറികൾക്ക് തോട്ടണ്ടി വിതരണം നടത്തണമെന്നുള്ളതാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിലിരിക്കുമ്പോൾ എടുത്തിരുന്ന നയം. ആ നയത്തിനു വിരുദ്ധമായി ഇവിടെ കുത്തക സംഭരണം എടുത്തുകളഞ്ഞിരിക്കുന്നു. കുത്തക സംഭരണം എടുത്തുകളഞ്ഞതുകൊണ്ട് ഫാക്ടറികൾക്ക് കൂട്ടാ അനുസരിച്ച് തോട്ടണ്ടി വിതരണം നടത്തണമെന്നുള്ള നിർബന്ധമില്ല. അതുകൊണ്ടുതന്നെ അടഞ്ഞുകിടക്കുന്ന കൂടുതൽ ഫാക്ടറികളും തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല, പ്രവർത്തിപ്പിക്കുന്നില്ല.

കശുവണ്ടിതൊഴിലാളികളുടെ കുടുംബങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി ഒന്നു സന്ദർശിച്ചിരുന്നെങ്കിൽ അവരുടെ സ്ഥിതി മനസ്സിലാക്കാൻ കഴിയുമായിരുന്നു. പ്രധാനമന്ത്രി വന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രി കശുവണ്ടി ഫാക്ടറികളിൽ പോയി കാണും; കശുവണ്ടിതൊഴിലാളികളുടെ കുടുംബങ്ങൾ പോയി കണ്ടില്ല. അവരുടെ ഇടയിൽ പ്രവർത്തിക്കുന്ന ഒരാൾ എന്നുള്ളനിലയിൽ അവരുടെ പ്രയാസങ്ങൾ മനസ്സിലാക്കാൻ എനിക്ക് സാധിച്ചിട്ടുണ്ട്. കശുവണ്ടിമേഖലയിൽ തൊഴിൽ ചെയ്യുന്ന സ്ത്രീ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ മക്കളേയും വീട്ടിലുള്ള മറ്റു കാര്യങ്ങളും നോക്കേണ്ട ഈ സഹോദരിമാർക്ക്, അമ്മമാർക്ക് വർഷത്തിൽ 30—40 ദിവസമാണ് ജോലിയുള്ളത്. മിനിമംകൂലിപോലും കിട്ടാതെ 30—40 ദിവസം ജോലി ഉണ്ടായിരുന്നാൽ കുടുംബം പുലർത്താൻ എങ്ങനെ കഴിയുമെന്നുള്ളതിനെക്കുറിച്ച് ഊഹിക്കാവുന്നതാണ്. ഇത്ര നിഷ്ക്കരുണമായി, ഇത്ര മനുഷ്യത്വ രഹിതമായി ഈ സ്ത്രീതൊഴിലാളികളോട് പെരുമാറണമോ? ഓരോ വർഷവും കോടിക്കണക്കിന്

LIBRARY ARCHIVES Kerala Legislative Assembly

രൂപ വിദേശനാണ്യം നേടിത്തരുന്ന ഈ വ്യവസായം നിലനിർത്തുന്നത് ഈ തൊഴിലാളികളല്ലേ? ഈ തൊഴിലാളികളില്ലെങ്കിൽ ഈ വ്യവസായം ഉണ്ടോ? ഈ വ്യവസായത്തിലെ തൊഴിലാളികളുടെ ജീവിതദുരിതം മനസ്സിലാക്കാൻ കഴിയാത്ത, മനുഷ്യത്വമില്ലാത്ത ഒരു സർക്കാരാണ് ഇവിടെയുള്ളത്. മന്ത്രിമാർക്ക് പ്രസംഗിക്കാം, പ്രഖ്യാപനം നടത്താം. ഈ രാജ്യം ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥയിലേക്കു മാറിക്കൊണ്ടിരിക്കുന്നു എന്ന് എവിടെയെല്ലാം വാതോരാതെ പ്രസംഗിക്കാമോ അവിടെയെല്ലാം വാതോരാതെ പ്രസംഗിക്കാം. പക്ഷേ ഈ പ്രസംഗിക്കുന്നത് നടപ്പിലാക്കാൻ ആത്മാർത്ഥത വേണം. മനുഷ്യത്വം ഉണ്ടാകണം, മനുഷ്യസ്നേഹം വേണം. തൊഴിലാളികളെ മൃഗങ്ങളായി കണ്ടാൽ, തൊഴിലാളികളെ നികൃഷ്ടരായി കണ്ടാൽ തീർച്ചയായും ഈ വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുള്ള പരിപാടികളും, പദ്ധതികളും നടപ്പിലാക്കാൻ കഴിയുകയില്ല. ഈ വ്യവസായം തകർന്നു തരിപ്പണമായിക്കൊണ്ടിരിക്കുകയാണ്. ഈ സർക്കാർ ഇതുപോലെയുള്ള പൊട്ടുംപൊടിയും ഇട്ട് എങ്ങനെ നന്നാക്കിയെടുക്കാൻ കഴിയും എന്ന് എനിക്കു മനസ്സിലാകുന്നില്ല. ഒരു സമഗ്രമായ മാറ്റം ഈ രംഗത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു. സമഗ്രമായ ഒരു നിയമം ഉണ്ടാകേണ്ടതാണ്. സമഗ്രമായ നിയമം എന്നു ഞാൻ ഉദ്ദേശിക്കുന്നത്, നമുക്ക് ഇവിടെ കാഷ്യൂ ബോർഡ് ഉണ്ടാക്കുന്നതിനെക്കുറിച്ച് പല പ്രാവശ്യം ഞാൻതന്നെ ഈ നിയമസഭയിൽ ആവശ്യപ്പെട്ടതാണ്. തെങ്ങുകൃഷിക്കാരുടേയോ നാളികേരം ഉപയോഗിക്കുന്നവരുടേയോ താൽപ്പര്യം കണക്കിലെടുത്ത് പ്രവർത്തിക്കാത്ത കോക്കനട്ട് ബോർഡ് പോലെയല്ല, റബ്ബർ ബോർഡ് പോലെയുള്ള ഒരു കാഷ്യൂ ബോർഡ് നമ്മുടെ നാട്ടിൽ രൂപീകരിക്കാൻ കഴിഞ്ഞാൽ തീർച്ചയായും ഈ വ്യവസായത്തെ രക്ഷിക്കുവാൻ കഴിയും. ചില ആളുകൾക്ക് ജോലികിട്ടും എന്നുള്ളതുകൊണ്ടല്ല ഞാൻ ഇതു പറയുന്നത്. ഇവിടെ റബ്ബർ പ്ലാന്റേഷൻ നടത്തുന്ന ചെറുകിട കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് വിലയിടിവ് സംഭവിക്കാതിരിക്കുവാൻ തറവില നിശ്ചയിച്ചുകൊണ്ട് കൃഷിക്കാരെ നിലനിറുത്തുന്നതിനും, അതുമൂലം അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ഒക്കെ റബ്ബർ ബോർഡ് സഹായിക്കുന്നുണ്ട്. കൃഷിക്കാർക്ക് കൃഷി ചെയ്യാനുള്ള ആകർഷകമായ പദ്ധതികൾ നമ്മുടെ സർക്കാർ ആവിഷ്കരിച്ചു. കശുമാവു കൃഷി ഇവിടെ ആരംഭിക്കുകയും വ്യാപകമാക്കുകയും വേണം. കശുവണ്ടിവ്യവസായ പുനരുദ്ധാരണ പദ്ധതിയിൽ ഇത് എഴുതിച്ചേർത്തിട്ടുള്ളതല്ലേ? ആ പദ്ധതികൾ എവിടെപ്പോയി? എവിടെയാണ് കശുമാവു കൃഷി നടത്തുന്നത്. ആ പദ്ധതി എന്നേ കളഞ്ഞുകുളിച്ചു. തോട്ടണ്ടി ഇറക്കുമതി ചെയ്യാനുള്ള സൗകര്യമില്ല. ഈ വർഷം എത്ര ദിവസമാണ് ജോലി കൊടുത്തത്. 1985-ൽ പതിനേഴ് ദിവസമാണ് കോർപ്പറേഷന് ജോലി കൊടുക്കാൻ കഴിഞ്ഞത്. സർ, ഇറക്കുമതി ചെയ്യാൻ തോട്ടണ്ടി കിട്ടാനുള്ള സാദ്ധ്യതയില്ല. ഈ വർഷം 17 ദിവസം ജോലി ചെയ്തുകൊണ്ട് ജീവിക്കണമെന്നു പറയുന്ന സർക്കാരാണ്. ഇവിടെയുള്ളത്. ഞാൻ ചോദിക്കട്ടെ, ജോലിയുള്ളവർ മാസം തോറും ശമ്പളം പറ്റുമ്പോൾ പാവപ്പെട്ട ഈ കശുവണ്ടിത്തൊഴിലാളികൾ, കോടിക്കണക്കിനു രൂപ നേടിത്തരുന്ന ഈ തൊഴിലാളികൾ, പട്ടിണികിടക്കണമെന്നു പറയുന്ന സർക്കാരിന്റെ ന്യായം പാവപ്പെട്ട തൊഴിലാളികൾക്കു മനസ്സിലാക്കാൻ കഴിയുകയില്ല. കണ്ണിൽ പൊടിയിടുന്ന ജാലവിദ്യക്കാരനെപ്പോലെ ഈ ബില്ലിൽ പൊട്ടും പൊടിയും

12 noon]

LIBRARY ARCHIVES Kerala Legislative Assembly

ഇട്ടുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി വന്നിരിക്കുന്നത്. തൊഴിലാളികൾക്കുവേണ്ടി ഒരു നല്ലകാര്യം ചെയ്താൽ, അത് എത്ര ചെറുതായാലും അതിനെ പിന്താങ്ങുന്ന ഒരാളാണ് ഞാൻ. ഒരു ചെറിയ കാര്യം ചെയ്തുകൊണ്ട് ഈ വ്യവസായത്തെ പുനരുദ്ധരിക്കുവാൻ ആകുകയില്ല. ഈ വ്യവസായത്തെ രക്ഷിക്കുവാൻ ആകുകയില്ല. തൊഴിലാളികളെ രക്ഷിക്കാൻ കഴിയുകയില്ല. വ്യവസായത്തെ നന്നാക്കാനും പുനരുദ്ധരിക്കാനും സഖാവ് ടി.വി. തോമസ് രൂപം നൽകിയിട്ടുള്ള ഒരു പദ്ധതി ഉണ്ടിവിടെ. ആ പദ്ധതി നടപ്പാക്കാൻ ശ്രമിച്ചാൽ വ്യവസായത്തെ രക്ഷിക്കുവാൻ ആകും. സമയച്ചുരുക്കം കൊണ്ട് അടുത്ത ബിൽ ഉടൻ എടുക്കുന്നതുകൊണ്ട് അപ്പോഴേ സംസാരിക്കാമെന്നുള്ളതുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, അധികമൊന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ സഭാതലത്തിൽ ഇതിനുമുൻപും പരാമർശിച്ചിട്ടുള്ളതും ചർച്ച ചെയ്തിട്ടുള്ളതുമായ വിഷയമാണ് ഇത്. ബഹുമാനപ്പെട്ട തങ്കരാജ് പറഞ്ഞു ഇത് സ്വകാര്യമുതലാളിമാരെ സഹായിക്കാൻ വേണ്ടിയാണ് എന്ന്. സ്വകാര്യ മുതലാളിമാരുടെ ഫാക്ടറി ഗവൺമെന്റ് ഏറെടുത്ത് കോർപ്പറേഷന് കൊടുത്തു. കോർപ്പറേഷനിൽനിന്ന് വീണ്ടും അത് സ്വകാര്യ മുതലാളിമാർ തിരിച്ച് എടുക്കുന്നതിനെതിരായി ഒരു നിയമം കൊണ്ടുവന്നിട്ട് അതും സ്വകാര്യ മുതലാളിമാരെ സഹായിക്കുവാൻ വേണ്ടിയാണ് എന്നു പറഞ്ഞത് എന്തുകൊണ്ടാണ് എന്ന് എനിക്കറിയില്ല. സ്വകാര്യ മുതലാളിമാർ കോർപ്പറേഷനുകൊടുത്തത് അവർക്കു തന്നെ തിരിച്ചുകൊടുത്താൽ തൊഴിലില്ലായ്മ ഉണ്ടാകുകയോ തൊഴിലാളികൾക്ക് ഉപദ്രവം ഉണ്ടാകുകയോ, തൊഴിൽ സാദ്ധ്യത കുറയുകയോ ചെയ്യും. അത് ഒഴിവാക്കാൻ വേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നത്. അല്ലാതെ സ്വകാര്യമുതലാളിമാരെ സഹായിക്കാനല്ല. ബഹുമാനപ്പെട്ട ചന്ദ്രമോഹനനും, ബഹുമാനപ്പെട്ട ഭാർഗ്ഗവീ തങ്കപ്പനും അതേക്കുറിച്ച് ഇവിടെ പരാമർശിച്ചു. ഈ നിയമത്തെ സ്വാഗതം ചെയ്തതിൽ എനിക്ക് സന്തോഷമുണ്ട്. ഈ നിയമം കൊണ്ടുവന്നത് ഞാനല്ല. ഞാൻ ഭേഗതി മാത്രമേ അവതരിപ്പിച്ചിട്ടുള്ളൂ. 1979-ൽ ശ്രീ. പി.എസ്. ശ്രീനിവാസൻ കൊണ്ടുവന്ന നിയമം നിലനിറുത്താനുള്ള ഭേഗതി നിയമം കൊണ്ടുവന്നു എന്നേയുള്ളൂ. നമ്മൾ തമ്മിൽ ചില കാര്യങ്ങളിൽ അഭിപ്രായവ്യത്യാസമുണ്ട്. അതു കശുവണ്ടിയുടെ കുത്തക സംഭരണത്തെ സംബന്ധിച്ചാണ്. അതുകൊണ്ട് ഗുണംകിട്ടി എന്നു സർക്കാരും കിട്ടിയില്ലായെന്നു നിങ്ങളും പറയുന്നു. Agree to disagree അതുമാത്രമേയുള്ളൂ. എന്റെ അഭിപ്രായം ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനും ബഹുമാനപ്പെട്ട ചന്ദ്രമോഹനനും പറഞ്ഞതുപോലെയല്ല. ജോലി അധികം കൊടുത്തിട്ടുണ്ട്. ഇപ്പോഴും കൊടുത്തിട്ടുണ്ട്. കഴിഞ്ഞവർഷം തോട്ടണ്ടിയുടെ ലഭ്യത കുറവായിരുന്നതാണ്. എനിക്കു മനസ്സിലാകാത്തത് 'കാപ്പെക്സ്' ഉണ്ടാക്കിയത് സ്വകാര്യ മുതലാളിമാരെ 'സഹായിക്കാനാണെന്നു പറഞ്ഞതാണ്. 'കാപ്പെക്സ്'നുവേണ്ടി എടുത്ത ഫാക്ടറികൾ സ്വകാര്യ മുതലാളിമാരുടെ ഫാക്ടറികളാണ്. ആ സ്വകാര്യമുതലാളിമാരുടെ ഫാക്ടറി എടുത്ത് അത് സഹകരണ പ്രസ്ഥാനമായി ഡൈവേർട്ട് ചെയ്യുകയും ചെയ്തു കഴിഞ്ഞാൽ അതും അവരെ സഹായിക്കാൻവേണ്ടിയാണെന്നു പറഞ്ഞാൽ എങ്ങനെയാണ്? പിന്നെ ഇവിടെ പറഞ്ഞു തൊഴിലാളികൾക്കു സൗകര്യങ്ങൾ ഇല്ല എന്ന്. അത് ബിൽ

LIBRARY ARCHIVES Kerala Legislative Assembly

വായിച്ചു നോക്കിയാൽ കാണാം. അക്വിസിഷൻ ആക്ട് പ്രകാരം ബഹുമാനപ്പെട്ട ശ്രീ. ടി.വി. തോമസ് പറഞ്ഞ എല്ലാ നല്ലകാര്യങ്ങളും ഈ ബില്ലിൽ ഉണ്ട്. അതൊന്നും എടുത്തു കളഞ്ഞിട്ടില്ല. അതിനുള്ള എല്ലാ സഹകരണവും കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഭാർഗവി തങ്കപ്പൻ ഇവിടെ പറഞ്ഞു തൊഴിലാളികൾക്ക് മിനിമം കൂലി കൊടുത്തിട്ടില്ലെന്ന്. സർ, കൊടുത്തിട്ടുണ്ട്. ഇതു നീ.സ്ട്രക്ച്ചർ ചെയ്തത് എന്റെ ഓർമ്മ ശരിയാണെങ്കിൽ, 21–8–1985–ലാണ്. അതിനുശേഷമാണ് കളക്ടർ ചെയർമാനായി കമ്മിറ്റി വന്നത്. കളക്ടർ ചെയർമാനായി കമ്മിറ്റി വന്നതിനുശേഷം ഗവൺമെന്റ് മിനിമം വേജസ് കൊടുക്കാൻ പാടില്ലെന്നു പറഞ്ഞിട്ടില്ലെന്നു മാത്രമല്ല അതു കർശനമായി കൊടുക്കാനുള്ള നടപടിയെടുത്തിട്ടുണ്ട്. അതിനുമുൻപ് കമ്മിറ്റി നിലവിലുണ്ടായിരുന്നു. ആ കമ്മിറ്റിയും അങ്ങനെ ഒരു തീരുമാനമെടുത്തിട്ടില്ലെന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട ഭാർഗവിതങ്കപ്പന്റെ പാർട്ടിയിലെ ഒരാളും ആ ബോർഡിലെ അംഗമായിരുന്നു.

ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ: 'കാപ്പെക്സ്'ന്റെ ബോർഡിൽ അതാതു തൊഴിലാളി സംഘടനകളുടെ പ്രതിനിധികളുണ്ടെങ്കിലും എന്തിനുവേണ്ടിയാണ് അതിനകത്ത് ഒരു എക്സിക്യൂട്ടീവ് രൂപീകരിച്ചത്. ഇത്തരം കാര്യങ്ങളുടെ പൂർണ്ണമായ ഉത്തരവാദിത്വം എക്സിക്യൂട്ടീവിനു കൊണ്ടുവന്നതിന്റെ ഉദ്ദേശം എന്താണ്?

ശ്രീ. ഇ. അഹമ്മദ്: ബൈലാ 14–(3) അനുസരിച്ച് എക്സിക്യൂട്ടീവിനെ പ്രൊവൈഡ് ചെയ്തിട്ടുണ്ട്. അതുപ്രകാരം എക്സിക്യൂട്ടീവ് വന്നു. ഞാൻ അസന്ദിഗ്ദ്ധമായി, അർത്ഥശങ്കയ്ക്ക് ഇടയില്ലാതെ പറയാൻ ആഗ്രഹിക്കുന്നത് മിനിമം വേജസ് നിഷേധിച്ചിട്ടില്ല എന്നാണ്. അത് കോ–ഓപ്പറേറ്റീവ് ആക്ട് പ്രകാരം കോ–ഓപ്പറേറ്റീവ് ബോർഡ് വരുമ്പോഴും അങ്ങനെ ഒക്കെ ഉണ്ടാകും. അതുകൊണ്ട് പാടില്ലെന്നുണ്ടോ? എക്സിക്യൂട്ടീവല്ല തീരുമാനമെടുക്കുന്നത്, ബോർഡാണ്. പണ്ടൊരാൾ പറഞ്ഞതു പോലെ എന്റെ പട്ടി കടിച്ചിട്ടില്ല, കടിച്ചെങ്കിൽതന്നെ പട്ടിയല്ല, പട്ടിയാണെങ്കിൽതന്നെ മുറിയില്ല, മുറിയുകയാണെങ്കിൽതന്നെ രക്തം വരില്ല, രക്തമാണെങ്കിൽതന്നെ മുറിവല്ല, എന്നു പറഞ്ഞതുപോലെ 'കാപ്പെക്സ്' രൂപീകരിച്ചതു തെറ്റാണ്. 'കാപ്പെക്സ് രൂപീകരിച്ചത് മുതലാളിമാർക്കാണ്, കാപ്പെക്സ് രൂപീകരിച്ചതു ശരിയല്ല. പക്ഷേ 'കാപ്പെക്സി'ൽ ഞങ്ങടെ അംഗങ്ങളാണെങ്കിലും അതിന് എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനങ്ങടെ ഒന്നും ഞങ്ങടെ അറിയില്ല. ഇതു ശരിയല്ല. 'കാപ്പെക്സ്' രൂപീകരിച്ചതിന് എതിരാണോ? എതിരാണ്. പക്ഷേ 'കാപ്പെക്സി'ന്റെ ബോർഡിൽ അംഗമാകാമോ? അംഗമാകാമെന്നു മാത്രമല്ല അതിന്റെ എക്സിക്യൂട്ടീവിൽ ഞങ്ങളെ അംഗമാക്കിയില്ല. എന്തുകൊണ്ട് അംഗമാക്കിയില്ല? ഇതാണ് ചോദ്യം. ഇതൊക്കെ ഗവൺമെന്റിന്റെ നയപരമായ കാര്യങ്ങളാണ്. ഇതിൽ ഒന്നേ പറയാനുള്ളു. 'കാപ്പെക്സ്' രൂപീകരിച്ചത് ഉത്തമ വിശ്വാസത്തോടുകൂടിയാണ്.

ശ്രീ. എം.വി. രാഘവൻ: ബഹുമാനപ്പെട്ട മന്ത്രിക്ക് എതിർപ്പുള്ള ഒരു കാര്യം നടക്കുന്ന ഒരു സ്ഥാപനത്തിലോ, അതുപോലെയുള്ളിടത്തോ

LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കാറില്ലേ? ഞാൻ ചോദിക്കട്ടെ, മദ്യ വ്യവസായം നടത്തുക യാണെങ്കിൽ നിങ്ങളം എങ്ങനെയാണ് അതിൽ ഇരിക്കുന്നത്. ശരി അത്ത് അനുസരിച്ച്. അതു പറയുമോ? പിന്നെ എന്തിനാണ് ഈ സാഹിത്യ പ്രസംഗം നടത്തുന്നത്?

ശ്രീ. ഇ. അഹമ്മദ്: ഞാൻ പറഞ്ഞത് 'കാപെക്സി'നെ പറ്റിയാണ്. വ്യവസായവകുപ്പിന്റെ പ്രവർത്തനങ്ങളം പഴയ കാലത്തേ ത്തുപോലെതന്നെയാണ്. ഇത് ഒരു നല്ല ബില്ലാണ്.

നീയത്തെ സംബന്ധിച്ചിടത്തോളം ശ്രീമതി ഗൗരിയമ്മ തങ്കപ്പൻ പറഞ്ഞത്, കശുമാവ്, കശുവണ്ടി തൊഴിലാളികളുടെ ദുരിതം അകറ്റണം. അവർക്ക് ജോലി കൊടുക്കണം, അവർക്ക് ജീവിക്കാ നുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കണം എന്നാണ്. അതിന് ഗവൺമെന്റിന്റെ നിയന്ത്രണം വേണമോ? ഇല്ലെങ്കിൽ വല്ലതും ചെയ്യാൻ പറയുന്ന രീതിയിൽ 'കാപെക്സ്' ആയാലും ശരി, കോർപ്പ റേഷനായാലും ശരി ചെയ്യണമെന്നുള്ളതിൽ യാതൊരു അഭിപ്രായവ്യ ത്യാസവും ഇല്ല. കശുവണ്ടിത്തൊഴിലാളികളുടേയും കശുമാവ് കർഷ കരുടേയും താൽപ്പര്യം സംരക്ഷിച്ചുകൊണ്ടുള്ള നയം മാത്രമേ ഗവൺ മെന്റ് സ്വീകരിക്കുകയുള്ളു.

ശ്രീ. എസ്.ആർ. തങ്കരാജ് അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ അവതരിപ്പിച്ച ഭേഗതി സഭ വോട്ടി നിട്ടു നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1985-ലെ കേരള കശുവണ്ടി ഫാക്ടറികൾ (ആവശ്യപ്പെടൽ) ഭേഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പ്രമേയം പരിഗണനയ്ക്കു് എടുത്തു.

വകുപ്പുതിരിച്ചുള്ള പരിഗണന

രണ്ടാം വകുപ്പ്

Sri Kariam Rajendran: Sir, I move that in sub-section (1) of Section 3 of the Principal Act, proposed to be amended by Clause 2—

(i) in item (a) for the words "five years" substitute the words "three years".

(ii) in item (b) for the words "five years" substitute the words "two years".

(iii) Add the following proviso after item (b); namely:—

"Provided that the total period of extension referred to above shall not exceed eight years".

ഇതിന്റെ ആദ്യത്തെ അഞ്ചുവർഷമെന്നു പറഞ്ഞിട്ടുള്ളത് മൂന്നു വർഷമാക്കി മാറ്റണമെന്നാണ് എന്റെ ഭേഗതി. പിന്നീട് പറഞ്ഞി രിക്കുന്നത് എക്സ്റ്റൻഷൻ അഞ്ചുവർഷം വീതം എത്ര വർഷം വേണ

LIBRARY ARCHIVES Kerala Legislative Assembly

മെങ്കിലും നീട്ടിക്കൊടുക്കാമെന്നാണ്. അത് രണ്ടുവർഷമാക്കി ചുരുക്കണമെന്നാണ് എന്റെ ഭേദഗതിയുടെ ഒരു ഭാഗം. എത്ര പ്രാവശ്യം വേണമെങ്കിലും വീണ്ടും നീട്ടി നീട്ടിക്കൊണ്ടുപോകാമെന്നുള്ളതിന് പകരം അതിനോട് ഒരു പ്രൊവിസോകൂടി ചേർത്ത് പരമാവധി എട്ട് വർഷമേ എക്സ്റ്റൻഷൻ കൊടുക്കാൻ പാടുള്ളൂ, അതിനുശേഷം ഇത് പൂർണ്ണമായി ഏറെടുക്കണമെന്നുള്ള ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ അഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പറുടെ ഭേദഗതി സ്വീകരിക്കാൻ സാദ്ധ്യമല്ല. കാരണം ഇത് റിട്രോസ്പക്ടീവ് ഇഫക്ടാണ്. റിട്രോസ്പക്ടീവ് ഇഫക്ട് അഞ്ചുകൊല്ലമായിട്ട് കൈവശമുള്ളതിന് അംഗീകാരം കൊടുക്കണമെങ്കിൽ അഞ്ചുകൊല്ലം അനുവദിച്ചുകൊടുക്കണം. അതേസമയത്ത് ബഹുമാനപ്പെട്ട മെമ്പർ മൂന്നുകൊല്ലമെന്നാണ് പറഞ്ഞത്. Not exeeding five years എന്നു പറഞ്ഞാൽ മൂന്നുകൊല്ലമാവാം, നാലുകൊല്ലമാവാം, അഞ്ചുകൊല്ലമാവാം. അപ്പോഴും പ്രശ്നമില്ല. പിന്നീട് ബഹുമാനപ്പെട്ട മെമ്പർ തുടർച്ചയായി 5 വർഷം എന്നു പറഞ്ഞത്. ഞാൻ പറഞ്ഞതുപോലെ റിട്രോസ്പക്ടീവ് ഇഫക്ട് ഉള്ളതുകൊണ്ടാണ്. പക്ഷേ അതിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വികാരം കണക്കിലെടുത്തുകൊണ്ട് ഒരു ചെറിയ അമൻറ്മെൻറ് വരുത്താൻ ഞാൻ ഉദ്ദേശിക്കുകയാണ്. അതിൽ extend a period of requisition by 5 years എന്നുള്ളതിന് പകരം upto 5 years എന്നു പറഞ്ഞാൽ മൂന്നുകൊല്ലമാണെങ്കിൽ മൂന്നു കൊല്ലമാവാം. അഞ്ചുകൊല്ലംതന്നെ വേണമെന്നില്ല. ഈ വകുപ്പ് 'ബി'യിൽ I move upto ''five years''.

ശ്രീ. ആർ. എസ്. ഉണ്ണി: 'Upto' എന്നു വേണ്ട. അഞ്ചുവർഷമെന്നുതന്നെ വയ്ക്കുന്നതായിരിക്കും നല്ലത്. ഓറൽ അമൻറുമെൻറിന്റെ കാര്യമില്ല.

ശ്രീ. ഇ. അഹമ്മദ്: I stand by this one. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുകൊണ്ടാണ്.

ശ്രീ. ആർ.എസ്. ഉണ്ണി: അത് മതിയാകും. ബഹുമാനപ്പെട്ട മെമ്പർ കാനം രാജേന്ദ്രൻ പറഞ്ഞത് ഇത് നാഷണലൈസിൽനിന്ന് അങ്ങ് എടുത്തുകൂടേ എന്നു ചോദിക്കാനാണ്. അല്ലാതെ വേറെ ഉദ്ദേശമൊന്നുമില്ല. അതുകൊണ്ട് നേരത്തെയുണ്ടായിരുന്നത് മതി.

ശ്രീ. ഇ.കെ. നായനാർ: മന്ത്രി 'upto' എന്നു പറഞ്ഞില്ലേ. മലയാളത്തിൽ കൊടുത്തത് അഞ്ചു വർഷത്തിൽ കവിയാത്ത കാലത്തേയ്ക്ക് എന്നാണ്. അപ്പോഴും ഇത് ശരിയല്ലേ? അങ്ങനെയാണെങ്കിൽ മലയാളം ട്രാൻസ്ലേഷൻ തെറ്റാണ്.

ശ്രീ. ഇ. അഹമ്മദ്: ട്രാൻസ്ലേഷന്റെ ഉത്തരവാദിത്വം എനിക്ക് ഏറെടുക്കാൻ നിർവ്വാഹമില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ: വാസ്തവത്തിൽ ഈ രണ്ടു ഭേദഗതിയും പ്രസക്തമല്ല. യാതൊരു കാരണവശാലും 'upto' എന്നുള്ളത് അംഗീകരിക്കാൻ പാടില്ല. രണ്ടാമത് അഞ്ചിൽ മൂന്ന് എന്നോ രണ്ടരയെന്നോ ഉള്ള യാതൊരു ഭേദഗതിയും സ്വീകരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പാടില്ല. ബില്ലിലുള്ള ഈ വ്യവസ്ഥ അതേപടി നിലനിറുത്തണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

രണ്ടാംവകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

മൂന്നാം വകുപ്പ്

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

നാലാം വകുപ്പ്

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

Minister for Industry (**Sri. E. Ahamed**) : Sir, I move that the Kerala Cashew Factories (Requisitioning) Amendment Bill, 1985 be finally passed.

Minister for Excise (**Sri. N. Sreenivasan**) : Sir, I second it.

ശ്രീ. ഇ.കെ. നായനാർ: സർ, ഈ ബില്ലിനെ പൊതുവേ സ്വാഗതം ചെയ്യുന്നതോടൊപ്പം ചില കാര്യങ്ങളും പറയാനുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ രണ്ടു കാര്യങ്ങളും പരാമർശിച്ചു. കശുവണ്ടി ഏറ്റെടുക്കുന്നതിൽ മാത്രമേ അഭിപ്രായവ്യത്യാസമുള്ളു എന്ന്. ബഹുമാനപ്പെട്ട മന്ത്രി ഏറ്റെടുക്കുന്നതുതന്നെ ഗൗരവമേറിയ പ്രശ്നമാണ്. കശുവണ്ടി ഏറ്റെടുത്തിരിക്കുന്നത് തീർച്ചയായിട്ടും അതിന്റെ കുത്തക, സംഭരണം വേണ്ടെന്നുവച്ചിട്ടാണ്. അതിന്റെ കുത്തക സംഭരണംതന്നെ റദ്ദാക്കിയിരിക്കുന്നു. അതിൽ അഭിപ്രായവ്യത്യാസമുണ്ട്. നാലും നാലരയും രൂപവരെയാണ് കൃഷിക്കാർക്ക് ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായി ഇപ്പോൾ 70 കോടിയിൽപ്പരം രൂപ കേരളത്തിലെ കൃഷിക്കാർക്ക് നഷ്ടമാണ്. രണ്ടാമത് ഈ സംഭരണത്തിന്റെ ഫലമായി ആവശ്യമായ തോട്ടണ്ടി കിട്ടുന്ന സാഹചര്യം

LIBRARY ARCHIVES Kerala Legislative Assembly

കുറവാണ്. ഇറക്കുമതിയുടെ വകയും കുറവാണ്. എൺപത്തി നാലോളം പുതിയ ലൈസൻസ് കൊടുത്ത ഫാക്ടറികളുണ്ട്. പ്രൈവറ്റ് ഇൻഡസ്ട്രികൾക്ക് ഡെവലപ്പ്മെൻറ് വരുത്തുകയാണ്. രണ്ടെണ്ണം എടുത്തു എന്നുള്ളത് ശരി, അഞ്ചു കൊല്ലത്തേയ്ക്ക്. പക്ഷേ പ്രൈവറ്റ് ഇൻഡസ്ട്രികൾക്ക് കൂടുതൽ ഡെവലപ്പ്മെൻറ് വരുത്തുകയാണ് ഗവൺമെൻറ് ചെയ്യുന്നത്. 100–102–ാളം ഫാക്ടറികൾ ഉള്ളതിൽ പ്രൈവറ്റുകാർക്ക് 84 ഫാക്ടറികളുംകൂടി കൊടുത്തതിന്റെ ഫലമായി തോട്ടണ്ടി കുറയുന്നു. തോട്ടണ്ടി കുറച്ചേ കിട്ടുന്നുള്ളു. അതിന്റെയടിസ്ഥാനത്തിൽ ജോലിസമയവും കുറച്ചേ കിട്ടുന്നുള്ളു. പൊതുമേഖലയെ അഭിവൃദ്ധിപ്പെടുത്താനാണ് കൊണ്ടുവന്നത് എന്നുള്ള ന്യായവാദം ശരിയല്ല. തൽക്കാലം സഹകരണമേഖല എടുത്തതിനെ സ്വാഗതം ചെയ്യുന്നു. എന്റെ അഭിപ്രായത്തിൽ എല്ലാ ഫാക്ടറിയും പൊതുമേഖലയിൽ വരുന്ന ഒരു നടപടിയായിരിക്കണം എടുക്കേണ്ടത്. അതുപോലെ കൃഷിക്കാർക്ക് വിലകിട്ടത്തക്കവിധത്തിൽ കൃത്യമായ സംഭരണം നടപ്പാക്കാനുള്ള സംവിധാനവും വരണം. പൊതുമേഖലയിലെ തൊഴിലാളികൾക്കു ഇപ്പോൾ നൂറു ദിവസം പോലും ജോലി കിട്ടുന്നില്ല. 365 ദിവസത്തിൽ പൊതുമേഖലയിലെ വ്യവസായത്തിന് ഒരു മാസം പോലും പൂർണ്ണമായി ജോലിയില്ല. ഇങ്ങനെയൊരു സാഹചര്യം ഈ വ്യവസായത്തിൽ നിലനിൽക്കുന്നു. ഒന്നരലക്ഷത്തിൽപ്പരം വരുന്ന തൊഴിലാളികളും അവരുടെ കുടുംബങ്ങളും ജീവിക്കുന്ന ഈ വ്യവസായത്തിൽ ഇത് അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ് എന്നുള്ള മന്ത്രിയുടെ ന്യായവാദം ശരിയല്ല. അതിനു വിപരീതമായിട്ട് പ്രൈവറ്റ് മേഖലയെ പ്രോൽസാഹിപ്പിക്കുകയാണ്. കൃഷിക്കാർക്കു കിട്ടുന്ന സാഹചര്യം ഇല്ലാതാക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് തൊഴിലാളികളെ മുതലാളിമാർക്കു വിട്ടുകൊടുക്കുകയാണ്. ഞാൻ കാപ്പെക്സിനെപ്പറ്റി പറയുന്നില്ല. കൂടുതൽ ഫാക്ടറികൾ സഹകരണ സംഘങ്ങൾ എടുക്കണം. ഈ വ്യവസായത്തെ പബ്ലിക് സെക്ടറിലേക്കും കോർപ്പറേഷന്റെ കീഴിൽകൊണ്ടുവരത്തക്കവണ്ണമുള്ള ഒരു പോളിസിയായിരിക്കണം ഗവൺമെൻറ് എടുക്കേണ്ടത്. ഇവിടെ തൽക്കാലനടപടി മാത്രമേ എടുക്കുന്നുള്ളു. അഞ്ചു വർഷത്തേക്ക് എന്നുള്ളത് ശരി. പക്ഷേ ഗവൺമെൻറിന്റെ പോളിസി അതാണോ? അതുകൊണ്ടാണ് ഞാൻ പറയുന്നത്. ഗവൺമെൻറ് ഇത് പാസാക്കിയെടുക്കുന്ന ഘട്ടത്തിൽതന്നെ തകർന്നുവരുന്ന കശുവണ്ടിതൊഴിലാളികളുടെ ജീവിതത്തിന് ആശ്വാസം നൽകത്തക്കവിധത്തിലുള്ള ഒരു സമീപനം എടുക്കണം. വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി അടക്കം ഈ വ്യവസായങ്ങൾക്ക് കിട്ടത്തക്കവിധത്തിലുള്ള സംഭരണ നയം ഏർപ്പെടുത്തണം. 60 ഫാക്ടറികൾ പൂട്ടിക്കിടക്കുന്നു. അങ്ങനെയൊരു സാഹചര്യത്തിലാണ് ഇപ്പോൾ പൊതുമേഖലയിലേക്ക് അഞ്ചുവർഷത്തേയ്ക്കെങ്കിലും കൊണ്ടുവരത്തക്കവണ്ണമുള്ള സ്ഥിതി ഉണ്ടാക്കിയിട്ടുള്ളത്. ഒന്നരലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികൾ പട്ടിണിയിൽക്കിടക്കുമ്പോൾ മുമ്പ് അംഗീകരിച്ച ചില നയങ്ങൾ റദ്ദാക്കിക്കൊണ്ട് കൂടുതൽ പട്ടിണിയിലേക്ക് കൃഷിക്കാരേയും തൊഴിലാളികളേയും തള്ളിവിടുന്ന ആ സമീപനം മാറണം. ഇത്രയെങ്കിലും ഫാക്ടറി എടുത്തത് നല്ലതാണ്. അതല്ല പൊതുവേ ഈ വ്യവസായത്തെ നന്നാക്കാനാവശ്യം. ഫാക്ടറികൾ മുഴുവനും പൊതുമേഖലയിൽ വരാനുള്ള സമീപനമെടുക്കണം. ഇതായിരിക്കണം ഗവൺമെൻറ് കൈക്കൊള്ളേണ്ടതെന്നു പറഞ്ഞുകൊണ്ട് ഞാൻ ഇതിനെ സ്വാഗതം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ.എസ്. ഉണ്ണി: സർ. പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യങ്ങളോട് പൊതുവിൽ ഞാൻ യോജിക്കുകയാണ്. അതുകൊണ്ട് ഞാനത് ആവർത്തിക്കുന്നില്ല. ജനുവരിമാസത്തിലാണ് സാധാരണ ഈ വ്യവസായത്തെ സംബന്ധിക്കുന്ന ഗവൺമെൻറിൻെറ നയങ്ങൾ തീരുമാനിക്കുന്നത്. തോട്ടണ്ടിയുടെ കുത്തകസംഭരണം വേണോ അതോ എല്ലാവർക്കും അനുവാദംകൊടുത്തിട്ട് ഓരോ വ്യവസായിയും മാർക്കറ്റിൽ നിന്ന് വാങ്ങണോ എന്നെല്ലാമുള്ള കാര്യത്തെ സംബന്ധിച്ച് അടുത്ത സീസണിലെ നയം തീരുമാനിക്കുന്നത് മിക്കവാറും ജനുവരിയിലാണ്. വളരെ ധൃതി പിടിച്ചാണ് ഇത് ചെയ്യുന്നത്. ജനുവരിയിലാകുമ്പോൾ നാടൻ തോട്ടണ്ടി മാർക്കറ്റിൽ വന്നു കഴിയും. അപ്പോൾ ധൃതിപിടിച്ച് തീരുമാനിക്കുകയാണ്. നവംബർ, ഡിസംബർ മാസങ്ങളിൽ ഗവൺമെൻറിന് ഇതുസംബന്ധിച്ച് ആലോചിക്കുവാൻ സാധിക്കും. ഈ അടുത്തമാസവും അതിനടുത്തമാസവുമായിട്ട് തീരുമാനിക്കണം. അടുത്ത ജനുവരിക്കുമുമ്പ് ഈ വ്യവസായത്തിൻെറ സംഭരണത്തെ സംബന്ധിച്ചും വിതരണത്തെ സംബന്ധിച്ചുമുള്ള നയം തീരുമാനിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഈ നിയമം നടപ്പിലാക്കുന്നതിന് അതാവശ്യമാണ്. കുത്തകസംഭരണം നിലനിറുത്തണമെന്നാണെൻെറ അഭിപ്രായം. കശുമാവുകൃഷിക്കാരെ സഹായിക്കുവാനും കശുവണ്ടിത്തൊഴിലാളികളെ സഹായിക്കുവാനുമൊക്കെ ഇതാവശ്യമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ഈ വർഷം പൊതുമേഖലയിൽ കശുവണ്ടിവികസന കോർപ്പറേഷനിൽ 30 ദിവസം പോലും ജോലിതികച്ചില്ലായിരുന്നു. ഈ സീസണിൽ അടുത്ത വർഷവും ഈ നയം തുടർന്നുപോകുകയാണെന്നുണ്ടെങ്കിൽ കുത്തക സംഭരണമില്ല, കുറ്റാസമ്പദായമില്ലായെന്നുണ്ടെങ്കിൽ അവിടെ വീണ്ടും ജോലി കുറയും. ഈ നിയമം പാസാക്കിയെടുക്കുമ്പോൾ ഈ ഫാക്ടറിയിലെ തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുവാനോ ഈ ഫാക്ടറികൾ നിലനിറുത്താനോ സാദ്ധ്യമല്ലാതെവരും. അതുകൊണ്ട് ഈ നവംബർ, ഡിസംബർ മാസങ്ങളിൽ ഇതേപ്പറ്റി ആലോചിക്കണം. എല്ലാക്കാലവും കശുമാവുകർഷകരുടെ പ്രശ്നം ഈ സഭയിൽ ഉന്നയിച്ചിട്ടുള്ള പല ബഹുമാനപ്പെട്ട അംഗങ്ങളും അപ്പുറവും ഇപ്പുറവുമുണ്ട്. ഇക്കാര്യത്തിൽ പരിണതപ്രജ്ഞരായിട്ടുള്ള പല ആളുകളുമുണ്ട്. അതുകൊണ്ട് മുൻവിധിയില്ലാതെ ഈ വ്യവസായത്തെ സംബന്ധിച്ചും ഇതിലെ തൊഴിലാളികളെ സംബന്ധിച്ചും കൃഷിക്കാരെ സംബന്ധിച്ചും അവർക്ക് ഗുണം ചെയ്യുന്ന നയം എന്താണെന്നുള്ളതിനെപ്പറ്റി നവംബർ, ഡിസംബർ മാസങ്ങളിൽ ആലോചിച്ച് ജനുവരിക്കുമുമ്പ് അതിന് ഒരു രൂപംനൽകണം. ഈ നിയമം നടപ്പിലാക്കുന്നതിന് ഇതാവശ്യമാണെന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, കോർപ്പറേഷനെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട ഉണ്ണിയും പറഞ്ഞത് ശരിയാണ്. കാരണം തോട്ടണ്ടിയുടെ ലഭ്യത വളരെ കുറവാണ്. പക്ഷേ കഴിയുന്നത്ര എവിടെ നിന്നുലഭിച്ചാലും അത് വാങ്ങാനും ഇറക്കുമതിയടക്കമുള്ള എല്ലാ നടപടികളെടുക്കാനും കോർപ്പറേഷന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. കഴിയുന്നത്ര തോട്ടണ്ടി ഇറക്കുമതി ചെയ്ത് കൂടുതൽ തൊഴിലാളികൾക്ക് ജോലി കൊടുക്കുന്ന കാര്യം ഗവൺമെൻറ് സജീവമായി ശ്രദ്ധിക്കുന്നതാണ്. അതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. പിന്നെ ബഹുമാനപ്പെട്ട ആർ.എസ്.ഉണ്ണി ഇവിടെ ചൂണ്ടിക്കാണിച്ചത് കഴിയുന്നത്രവേഗം

LIBRARY ARCHIVES Kerala Legislative Assembly

ഈ സീസൺ തുടങ്ങുന്നതിനുമുമ്പുതന്നെ ഇതിന്റെ കുത്തക സംഭരണത്തിലും വിതരണത്തിലും ഒരു നയം തീരുമാനിക്കണമെന്നാണ്. അതിൽ പല പ്രശ്നങ്ങളുമുണ്ട്. ഇവിടെ പല മെമ്പർമാരും ചൂണ്ടിക്കാണിച്ച തൊഴിലാളികളുടെ തൊഴിലിനെ സംബന്ധിച്ചുള്ള പ്രശ്നവും കശുമാവു കർഷകരുടെ പ്രശ്നവുമെല്ലാം ഉണ്ട്. ഏതായാലും ഒക്ടോബർമാസത്തിൽത്തന്നെ ഇതുമായി ബന്ധപ്പെട്ട് സെൻട്രൽ ട്രേഡ് യൂണിയൻ ലീഡേഴ്സിന്റെ ഒരു യോഗം ഉണ്ട്. അപ്പോഴും ഇതെല്ലാം ഒരു പൊതുപ്രശ്നമെന്ന നിലയിൽ കാണുന്നതാണ്. അതായത് കശുവണ്ടിവ്യവസായത്തെ ഇവിടെ എങ്ങനെ പിടിച്ചുനിറുത്താം. അതിനുള്ള പ്രശ്നങ്ങളിൽ ഗവൺമെന്റിന് എന്തെല്ലാം ചെയ്യാൻ സാധിക്കും, അതിൽ എന്തെല്ലാം നടപടികളും അടിയന്തിരമായിയെടുക്കാം എന്നുള്ളതിനെ സംബന്ധിച്ച് കശുവണ്ടിത്തൊഴിലാളി പ്രതിനിധികളും കശുമാവു കർഷകപ്രതിനിധികളുമെല്ലാം ഉൾപ്പെടെയുള്ള ഒരു യോഗം ഈ ഒക്ടോബർമാസം 9-ാം തീയതി കൂടുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഒന്നോരണ്ടോ മൂന്നോ യോഗങ്ങളിൽ വേണമെങ്കിലും ഇതു ചർച്ച ചെയ്യാവുന്നതാണ്. ഗവൺമെന്റിന് അതിൽ വളരെയധികം താൽപ്പര്യമേയുള്ളു. ഇതിനുപൊതുധാരയ ഒരു സമീപനവും നയവും സ്വീകരിച്ചിട്ടുണ്ട്. കുത്തകസംഭരണം വേണ്ടെന്നുവച്ചതുകൊണ്ട് കൂടുതൽ ജോലികിട്ടിയെന്ന് വിശ്വസിക്കുകയാണ് ഗവൺമെന്റ്. അതിനെ സംബന്ധിച്ചിടത്തോളം യാതൊരു സംശയവുമില്ല. ബാക്കിയെന്തെല്ലാം പ്രശ്നങ്ങൾ ഇതിൽ വരുമോ അതിനെ സംബന്ധിച്ചെല്ലാം ചർച്ചചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. എം.വി. രാഘവൻ: കുത്തകസംഭരണത്തിൽ പ്രശ്നമില്ലായെന്നു പറഞ്ഞു. പിന്നെ ഏതു പ്രശ്നം തീരുമാനിക്കുവാനാണ് കർഷകരെയും തൊഴിലാളികളെയും വിളിക്കുന്നത്?

ശ്രീ. ഇ. അഹമ്മദ്: അല്ലാതെ ധാരാളം പ്രശ്നങ്ങളുണ്ട്. വേജസിനെ സംബന്ധിച്ച് പ്രശ്നങ്ങളുണ്ട്, മറ്റ് പ്രശ്നങ്ങളുണ്ട്. കുത്തകസംഭരണം സംബന്ധിച്ചുള്ളത് പ്രഖ്യാപിതമായ നയമാണ്.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 1985-ലെ കേരള കശുവണ്ടി ഫാക്ടറികൾ(ആവശ്യപ്പെടൽ) ഭേദഗതി ബിൽ അവസാനമായി പാസ്സാക്കിത്തരണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ അവസാനമായി പാസ്സാക്കുകയുണ്ടായി.

(3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1984-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 1984-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതിബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അബ്ദുക്കാദർകുട്ടി നഹ): സർ, ഞാൻ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly